# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 | Issue 19 | Fortnightly | June 1, 2021 | Page 16 | ₹ 10


## ജൂൺ 5 ലോക പരിസ്ഥിതി ദിനം

REIMAGINE
RECREATE
RESTORE

PAKISTAN 2021


| | |
|---|---|
| ഇതര തൊഴിലിടങ്ങൾ | പേജ് 4 |
| SCIENCE AND TECHNOLOGY | പേജ് 6 |
| കലയും സാഹിത്യവും | പേജ് 7 |
| ചരിത്രത്തോടൊപ്പം നടന്നവർ | പേജ് 8 |
| കേരള 15-ാമത് നിയമസഭ – വകുപ്പുകളും മന്ത്രിമാരും | പേജ് 9 |
| ജീവിതം, ഭാഷ, വ്യാകരണം | പേജ് 10 |
| ENRICH YOUR GK | പേജ് 11 |
| OBJECTIVE CURRENT AFFAIRS | പേജ് 13 |
| LANGUAGE CORNER | പേജ് 14 |
| മത്സരപരീക്ഷ ഇടനാഴി | പേജ് 15 |


# ആവാസ വ്യവസ്ഥയെ വീണ്ടെടുക്കാം

പേജ് 3

ഡോ. സി.പി. അരവിന്ദാക്ഷൻ

## വിജ്ഞാപനം

## ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്)

മലയാളം മാധ്യമം

വിദ്യാഭ്യാസം

പേജ് 5

പി.എസ്.സി. ബുള്ളറ്റിനിന്റെ ഇ.വെർഷൻ കാണുവാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

പി.എസ്.സി. ബുള്ളറ്റിൻ സബ്സ്ക്രൈബ് ചെയ്യാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**
ഡോ. കെ. പി. സജിലാൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**
ടി. ആർ. അനിൽകുമാർ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
പി. എച്ച്. മുഹമ്മദ് ഇസ്മയിൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
റോഷൻ റോയ് മാത്യു
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
എസ്. എ. സെയ്ഫ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
ബോണി കുര്യാക്കോസ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**
സാജു ജോർജ്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**
കെ. വി. സുനുകുമാർ

ഫോൺ : 0471 2546368 OR 9446412483
സർക്കുലേഷൻ (പി.ആർ. യൂണിറ്റ്): 0471 2546270


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

<u>വിലാസം</u>
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി.ഒ., തിരുവനന്തപുരം-695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് - 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 മെയ് 26

**ഓൺലൈൻപരീക്ഷ നടത്തും**

1. കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (സംസ്കൃതം) ഒന്നാം എൻ.സി.എ.- പട്ടികജാതി, മുസ്ലീം (കാറ്റഗറി നമ്പർ 373/19, 374/19).
2. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) മലയാളം മീഡിയം ഒന്നാം എൻ.സി.എ.- ഹിന്ദു നാടാർ (കണ്ണൂർ, കാസർഗോഡ്), പട്ടികവർഗ്ഗം (കണ്ണൂർ) (കാറ്റഗറി നമ്പർ 448/19, 449/19).

**ചുരുക്കപട്ടിക പ്രസിദ്ധീകരിക്കും**

1. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ (കാറ്റഗറി നമ്പർ 308/19).
2. സോയിൽ സർവ്വേ ആൻഡ് സോയിൽ കൺസർവേഷൻ വകുപ്പിൽ സോയിൽ കൺസർവേഷൻ ഓഫീസർ (കാറ്റഗറി നമ്പർ 307/19).
3. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ (കാറ്റഗറി നമ്പർ 534/17).
4. കണ്ണൂർ ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പ്/ഇൻഷുറൻസ് മെഡിക്കൽ സർവീസസ്/ആയുർവേദ കോളേജുകളിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 (ആയുർവേദം) ഒന്നാം എൻ.സി.എ.- മുസ്ലീം (കാറ്റഗറി നമ്പർ 376/19).

## തീയതി നീട്ടി

**08.05.2021 മുതൽ 30.05.2021 വരെ കാലയളവിൽ കേരളത്തിൽ ലോക്ഡൗൺ നടപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ, ടി കാലയളവിൽ ഉത്തരക്കടലാസ് പുന:പരിശോധന/ഉത്തരകടലാസുകളുടെ ഫോട്ടോകോപ്പി ലഭ്യമാക്കുക എന്നിവ സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്ന സമയപരിധി അവസാനിക്കുന്ന റാങ്ക്പട്ടികകൾക്ക് ആയത് സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2021 ജൂൺ 15 ആയി ദീർഘിപ്പിച്ചു.**

# GK MASTER

പത്ത് ചോദ്യങ്ങളടങ്ങിയ ഒരു സമസ്യ ഓരോ ലക്കത്തിലൂടെയും നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. എല്ലാ ചോദ്യങ്ങളുടെയും ശരിഉത്തരങ്ങൾ കണ്ടെത്തി വേഗം ഞങ്ങളെ അറിയിക്കൂ. ആദ്യം പ്രതികരിക്കുന്ന അഞ്ചുപേരുടെ പേരുവിവരം ഉത്തരങ്ങളോടൊപ്പം പ്രസിദ്ധീകരിക്കും. ഉത്തരങ്ങൾ kpscgkmaster@gmail.com എന്ന ഇ-മെയിൽ മുഖേന അയയ്ക്കാവുന്നതാണ്.

1. 'മനുഷ്യൻ സ്വയം നിർമ്മിക്കുന്നു' ആരുടെ ഗ്രന്ഥമാണ് ?
2. 11,111,111 എന്ന സംഖ്യയെ അതേ സംഖ്യ കൊണ്ടുതന്നെ ഗുണിച്ചാൽ കിട്ടുന്ന സംഖ്യ എത്ര?
3. എന്തിന്റെ ചുരുക്കെഴുത്താണ് സോക്കർ എന്ന പദം?
4. 'ത്രീ ഡബ്ല്യൂസ്' എന്നറിയപ്പെടുന്ന വെസ്റ്റിൻഡീസ് ക്രിക്കറ്റർമാർ ആരൊക്കെയാണ് ?
5. മൗണ്ട് എവറസ്റ്റ് കീഴടക്കിയ ഏറ്റവും വേഗതയേറിയ വനിത?
6. സി.ബി.ഐ. യുടെ പുതിയ ഡയറക്ടറായി അടുത്തിടെ നിയമിക്കപ്പെട്ട വ്യക്തി?
7. ഹൈറോഗ്ലിഫിക്സ് ലിപി ആദ്യമായി വായിച്ച ഫ്രഞ്ച് പണ്ഡിതൻ ആര്?
8. മെസൊപ്പൊട്ടാമിയയിലെ എഴുത്തുവിദ്യ അറിയപ്പെടുന്ന പേര്?
9. The synonym for a person who can use both his hands equally well-
10. The Latin word 'Ibid' means-

## കഴിഞ്ഞലക്കം GK MASTER ഉത്തരങ്ങൾ

**(മെയ് 1 ലക്കത്തിൽ പ്രസിദ്ധീകരിച്ച ചോദ്യങ്ങൾക്ക് ശരിയുത്തരങ്ങൾ ആരുംതന്നെ നൽകിയിട്ടില്ല.)**

1. ജീവദ്രവ്യം (Protoplasm)
2. വിത്തുകോശങ്ങൾ (Stem Cells). (ഇവ മൂലകോശങ്ങളെന്നും അറിയപ്പെടുന്നു. വിത്തുകോശങ്ങൾക്ക് വിഭജനത്തിലൂടെ മറ്റ് കോശങ്ങളായി മാറാനോ വിത്തു കോശങ്ങൾ തന്നെയായി തുടരാനോ ഉള്ള കഴിവുണ്ട്. കലകളിലെ കോശങ്ങൾ നശിക്കുമ്പോൾ അവയ്ക്കു പകരം പുതിയ കോശങ്ങൾ രൂപപ്പെടുത്തുന്നത് ഇവ യിൽ നിന്നാണ്. മജ്ജ, ത്വക്ക്, അന്നപഥം മുതലായ ശരീര ഭാഗങ്ങളിലെല്ലാം വിത്തുകോശങ്ങളുണ്ട്. വിത്തുകോശ ഗവേഷണം ഭാവിയിൽ കൃത്രിമാവയ വങ്ങൾ രൂപപ്പെടുത്തുന്നതിൽ വൻ മുന്നേറ്റമുണ്ടാക്കാം.
3. വെളുത്ത പന്തുകളുടെ എണ്ണം x എന്നെടുത്താൽ
   $x+(x+8)= 4x$
   $x+8 = 4x-x$
   $2x = 8$
   $x= 4$
   വെളുത്ത പന്തുകൾ = 4,
   കറുത്ത പന്തുകൾ = 12
4. ppm (parts per million), ppb(parts per billion) വളരെക്കുറഞ്ഞ അളവിലുള്ള ഒരു പദാർത്ഥത്തിന്റെ സാന്നിധ്യം പ്രസ്താവിക്കുന്നതിനുപയോഗിക്കുന്നു. ഒരു ppm എന്നാൽ ദശലക്ഷത്തിൽ ഒരംശം എന്നാണ് അർത്ഥം. ഒരു ppb എന്നാൽ ആയിരം ദശലക്ഷത്തിൽ (ശതകോടിയിൽ) ഒരു ഭാഗമാണ്.
5. അംബുജം- താമര, അംഭോജം - ശംഖ്
6. പുരോഭാഗി
7. പ്രസിഡന്റ്
8. ശൂന്യവേള (സമയം പന്ത്രണ്ട് മണിയാകുന്നതി നാലാണ് ഈ പേരിൽ അറിയപ്പെടുന്നത്. അടിയന്തര പ്രമേയം, ശ്രദ്ധ ക്ഷണിക്കൽ പ്രമേയം തുടങ്ങിയവ പരിഗണനയ്ക്ക് വരുന്നത് ഈ സമയത്തായിരിക്കും. ശൂന്യവേള അഞ്ചുമുതൽ പതിനഞ്ചു മിനിറ്റുവരെ ദൈർഘ്യമുണ്ടാകും.
9. Enduring a hardship
10. When is the book returned?

മുഖചിത്രം : അനൂപ് വി എസ്




# ആവാസ വ്യവസ്ഥയെ വീണ്ടെടുക്കാം

**ഡോ. സി.പി. അരവിന്ദാക്ഷൻ**
**റിട്ട. പ്രിൻസിപ്പൽ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം**

ഈ വർഷത്തെ, 2021 ലെ ലോക പരിസ്ഥിതി ദിനാചരണപരിപാടിയുടെ വിഷയം 'ആവാസ വ്യവസ്ഥ വീണ്ടെടുക്കൽ' (Ecosystem Restoration) എന്നതാണ്. ആവാസ വ്യവസ്ഥകളുടെ നശീകരണം ലോകവ്യാപകമായി തടയാൻ ശ്രമിക്കണം എന്ന കാര്യത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നു. കൂടാതെ 2021 മുതൽ 2030 വരെയുള്ള 10 വർഷം ആവാസ വ്യവസ്ഥ വീണ്ടെടുക്കാനുള്ള ദശകമായി ആചരിക്കണമെന്നും യു.എൻ. നിർദ്ദേശിച്ചിരിക്കുന്നു.

ഈ വർഷത്തെ ലോകപരിസ്ഥിതി ദിനത്തിന് പാകിസ്ഥാനാണ് ആതിഥേയത്വം വഹിക്കുന്നത്.

മനുഷ്യജീവിതത്തിന്റെ അടിത്തറ പ്രകൃതിയും (Nature) സമൂഹവുമാണ് (Society). ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒന്നിന്റെ തളർച്ച മറ്റതിനെ ഇല്ലാതാക്കിക്കളയുന്നു. പരിസ്ഥിതിയെന്നാൽ നമ്മെ നിലനിർത്തുന്ന, നമ്മെ വളർത്തുന്ന, നമ്മുടെ ജീവിതപശ്ചാത്തലത്തെ സുഗമമാക്കുന്ന പ്രകൃതിയിലെ എല്ലാ ഘടകങ്ങളുടെയും ചേരുവയാണ്. ജീവന്റെ ഉത്ഭവവും അടിസ്ഥാനവുമെല്ലാം പരിസ്ഥിതിയോടാണ് ബന്ധപ്പെടുന്നത്. പരിസ്ഥിതിയുടെ സമ്പത്ത് ജൈവവൈവിദ്ധ്യമാണ്.

ഒരുവൻ നിലയ്ക്ക്നിൽക്കുന്നു എന്നാൽ രണ്ടു കാലുകളും ശരിയായി ഉറച്ചുനിൽക്കുന്നു എന്നാണർത്ഥം. ഒരുവൻ നിലനിൽക്കുന്നു എന്നാലർത്ഥം അവന്റെ പരിസ്ഥിതിയിൽ ശരിയായി നിൽക്കുന്നു എന്നാണ്. മനുഷ്യജീവിതത്തിൽ ഒരുവന് രണ്ടു ഗർഭാവസ്ഥകളുണ്ട്. ഒന്ന് അവന്റെ ജനനത്തിനു മുമ്പ് മാതാവിന്റെ ഗർഭാശയത്തിലെ അവന്റെ വളർച്ചയും രണ്ടാമത്തേത് ജനനശേഷം മരണം വരെയുള്ള ഭൂമിയിലെ അവന്റെ അവസ്ഥയും. ഈ രണ്ടവസ്ഥയും ഏതാണ്ട് ഒരുപോലെയാണ്. ജനനത്തിനുമുമ്പുള്ള അവസ്ഥയിൽ അവന് ആവശ്യമുള്ളത് മുഴുവനും, സംരക്ഷണവും മാതാവ് നൽകുന്നു. വായുവും വെള്ളവും എല്ലാം. ഗർഭകാലത്ത് മാതാവിലുണ്ടാകുന്ന നേരിയ ശാരീരിക മാനസിക അവസ്ഥാവ്യതിയാനങ്ങൾ പോലും ഗർഭസ്ഥശിശുവിനെ ബാധിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടില്ലേ?. എല്ലാവർക്കും അറിയാമല്ലോ മാതാവിനെ സംരക്ഷിക്കുകയെന്നാൽ ശിശുവിനെ സംരക്ഷിക്കുകയെന്നർത്ഥം. കുട്ടിയുടെ വളർച്ചയ്ക്ക് നൽകുന്നതു മുഴുവനും അമ്മയ്ക്കാണ് നൽകുക. ആ വഴിയിലൂടെയാണ് കുട്ടിയുടെ ബലിഷ്ഠമായ വളർച്ച സാധ്യമാകുന്നത്. ഇത്രയും ഇവിടെ വിശദീകരിച്ചത് ഒരുകാര്യം വ്യക്തമാക്കാനാണ്.

പ്രകൃതിയിലെ പരിസ്ഥിതിയാണ് ജനനശേഷം മനുഷ്യവളർച്ചയുടെ (ജീവജാലങ്ങളുടെ) ഗർഭാശയം. പരിസ്ഥിതിയിലില്ലാത്തതൊന്നും മനുഷ്യൻ സ്വീകരിക്കുകയോ സ്വാംശീകരിക്കുകയോ ചെയ്യുന്നില്ല. അതിനാൽ പരിസ്ഥിതി നശിച്ചാൽ മനുഷ്യൻ മരിച്ചു. പരിസ്ഥിതി നിലനിർത്തുക മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിനുതുല്യമാണ്. പരസ്പരാശ്രയമാണ് ജീവജാലങ്ങളുടെ നിലനിൽപിന് അടിസ്ഥാനം.

ആഹാരസുരക്ഷ, ആരോഗ്യസുരക്ഷ, സാമ്പത്തികസുരക്ഷ എന്നിവ ജൈവവൈവിധ്യങ്ങളിലധിഷ്ഠിതമാണ്. അതുകൊണ്ടാണ് 'ജൈവസംരക്ഷണം മാനവരാശിയുടെ സംരക്ഷണം' ആയി പരിഗണിക്കുന്നത്. ജൈവവൈവിധ്യത്തിന്റെ ഒത്തു



## ഓർക്കുക, വങ്കാരി മതായിയെ

പരിസ്ഥിതി പ്രവർത്തകർക്ക്, പരിസ്ഥിതി സ്നേഹിതകൾക്ക് വങ്കാരി മതായി എന്ന പേര് ഒരിക്കലും മറക്കാൻ പറ്റുകയില്ല. വിശ്വപ്രശസ്തമായ ഗ്രീൻ ബെൽറ്റ് മൂവ്മെന്റിന് തുടക്കം കുറിച്ചത് വങ്കാരിയാണ്. സുസ്ഥിരവികസനം, ജനാധിപത്യം, സമാധാനം എന്നിവയ്ക്ക് നൽകിയ ഗണ്യമായ സംഭാവനകളെ പരിഗണിച്ച് 2004 ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നൽകി വങ്കാരി മതായിയെ ലോകം ആദരിച്ചു. 2011 ൽ വങ്കാരി മതായി അന്തരിച്ചു.

ചേർന്ന രൂപമാണ് ആവാസവ്യവസ്ഥ (ECO SYSTEM). ആവാസ വ്യവസ്ഥ നശിച്ചാൽ പരിസ്ഥിതി അപകടപ്പെടും. ഇതുമൂലം കാലാവസ്ഥാവ്യതിയാനം, ഭൂകമ്പം, അന്തരീക്ഷതാപവർദ്ധന മുതലായ അനേകതരം പ്രതികൂല സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു. തനതായ ജൈവവൈവിധ്യവും ആവാസവ്യവസ്ഥകളും ഒരിക്കൽ നഷ്ടപ്പെട്ടാൽ വീണ്ടെടുക്കാൻ എളുപ്പമല്ല.

വെട്ടിപ്പിടിച്ചും വെല്ലുവിളിച്ചും കീഴ്പ്പെടുത്തേണ്ട 'ശത്രു' ആയി മാത്രം പ്രകൃതിയെ കാണുന്നതാണ് ഇന്നത്തെ ആധുനികകാഴ്ച്ചപ്പാട്. കുന്നിടിച്ച്, വയൽനികത്തി, ജലപ്രവാഹഗതികൾ തടഞ്ഞ്, കായലും കടലും കയ്യേറി, മനുഷ്യൻ നടത്തുന്ന ദ്രവ്യാർത്തിപൂണ്ട, വികസനപ്രവർത്തനങ്ങൾ പരിസ്ഥിതിവിരുദ്ധമാണെന്നുള്ള കാര്യം പറയേണ്ടതില്ലല്ലോ. മനുഷ്യന്റെ മാത്രമല്ല ഇതര ജീവജാലങ്ങളുടെയും നിൽനിൽപ്പിനെ ഇത്തരം പ്രവണത ബാധിക്കുന്നു. ജീവമണ്ഡലം ഒരൊറ്റവ്യൂഹമല്ല, പരിസ്ഥിതിയുടെ ഒരു സമാഹാരം ആണ്. വൻനഗരങ്ങൾ ഇന്ന് നരകങ്ങളായി മാറികൊണ്ടിരിക്കുകയാണ്. മിക്കവാറും നഗരങ്ങളിൽ ശുചീകരണം, മാലിന്യസംസ്കരണം, ഒരു വെല്ലുവിളിയാണ്. പരിസ്ഥിതി സംരക്ഷണം മനുഷ്യൻ അടക്കമുള്ള സർവജീവജാലങ്ങളുടെയും നിലനിൽപ്പിന്റെ പ്രശ്നമാണ്.

ശാസ്ത്രത്തിനും സാങ്കേതികവിദ്യയ്ക്കും നൽകുന്ന അത്രതന്നെ ആദരം പ്രകൃതിയോടും, സംസ്കാരത്തോടും, സഹജീവികളോടും ഉണ്ടാകണം. മനുഷ്യത്വത്തിന് പകരം നിൽക്കാൻ മറ്റൊന്നുമില്ല. ഇന്ന് നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രകൃതിദുരന്തങ്ങൾ നമ്മെ പഠിപ്പിക്കുന്ന പാഠം ഇതാണ്. പഴയ സാമൂഹിക പാഠങ്ങൾ മാറ്റപ്പെടുത്താതെ ഇനിയുള്ള കാലത്തുജീവിതം സാധ്യമല്ല എന്ന പാഠം 'കോവിഡ്' നമുക്ക് കാണിച്ചുതന്നില്ലേ. പുതിയപാഠങ്ങൾ അനിവാര്യമാണ്. കാലം അതാവശ്യപ്പെടുന്നു. •



ഡോ. അകീരാ മിയാവാക്കി

## മിയാവാക്കി വനം

പ്രകൃതസംരക്ഷണത്തിനു വനസംരക്ഷണത്തോടൊപ്പം കൊച്ചുവനങ്ങൾ ഒരുക്കലും ആകാം. പ്രശസ്ത ജാപ്പനീസ് സസ്യശാസ്ത്രജ്ഞനായ ഡോ. അകീരാ മിയാവാക്കി രൂപപ്പെടുത്തിയ വനനിർമ്മാണമാണ് 'മിയാവാക്കിവനം'. വെറും നാലഞ്ച് വർഷം കൊണ്ട് നഗരങ്ങളിൽ പോലും ലഭ്യമായ ഇടങ്ങളിൽ ഇത്തരം മിയാവാക്കിവനങ്ങൾ വളർത്തിക്കൊണ്ടുവരാൻ സാധിക്കും. ഇത് കേരളത്തിൽ ഏറെ സാധ്യതയുള്ള ഒരു പ്രകൃതിസംരക്ഷണപരിപാടിയാക്കി മാറ്റാവുന്നതാണ്.





## ഇതര തൊഴിലിടങ്ങൾ

**1. ബാങ്ക് നോട്ട് പ്രസ്സിൽ 135 അവസരം**

മധ്യപ്രദേശിലെ ദേവാസിലുള്ള ബാങ്ക് നോട്ട്പ്രസിൽ വിവിധ തസ്തികകളിലായി 135 അവസരം. പരസ്യവിജ്ഞാപന നമ്പർ BNP/HR/08/2020. തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ ചുവടെപ്പറയും പ്രകാരമാണ്.

വെൽഫയർ ഓഫീസർ – 1,
സൂപ്പർവൈസർ (ഇൻക് ഫാക്ടറി)–1,
സൂപ്പർവൈസർ (ഇൻഫർമേഷൻ ടെക്നോളജി)–1,
ജൂനിയർ ഓഫീസ് അസിസ്റ്റന്റ്–15,
ജൂനിയർ ടെക്നീഷ്യൻ (ഇൻക് ഫാക്ടറി–60, പ്രിന്റിങ് –23, ഇലക്ട്രിക്കൽ/ഐ.ടി–15, മെക്കാനിക്കൽ/എ.സി.–15),
സെക്രട്ടേറിയൽ അസിസ്റ്റന്റ് – 1,
ജൂനിയർ ഓഫീസ് അസിസ്റ്റന്റ് – 3.

യോഗ്യത, പ്രായപരിധി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾക്ക് bnpdewas.spmcil.com എന്ന വെബ്സൈറ്റ് കാണുക. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 11.

**2. ഡൽഹി സബോർഡിനേറ്റ് സർവീസ് 7236 ഒഴിവുകൾ**

ഡൽഹി സർക്കാരിന് കീഴിലുള്ള വിവിധ ഡിപ്പാർട്ട്മെന്റിലേക്ക് ഡൽഹി സബോർഡിനേറ്റ് സർവീസ് സെലക്ഷൻ ബോർഡ് അപേക്ഷ ക്ഷണിച്ചു. തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ ചുവടെപ്പറയും പ്രകാരമാണ്.

1. ട്രെയിൻഡ് ഗ്രാജുവേറ്റ് ടീച്ചർ (ഹിന്ദി) – 1107
2. ട്രെയിൻഡ് ഗ്രാജുവേറ്റ് ടീച്ചർ (നാച്ചുറൽ സയൻസ്) – 1864
3. ട്രെയിൻഡ് ഗ്രാജുവേറ്റ് ടീച്ചർ (മാത്സ്) – 2155
4. ട്രെയിൻഡ് ഗ്രാജുവേറ്റ് ടീച്ചർ (സോഷ്യൽ സയൻസ്) – 1131
5. ട്രെയിൻഡ് ഗ്രാജുവേറ്റ് ടീച്ചർ (ബംഗാളി) (മെയിൽ) – 1
6. അസിസ്റ്റന്റ് ടീച്ചർ (പ്രൈമറി) – 434
7. അസിസ്റ്റന്റ് ടീച്ചർ (നഴ്സറി) – 74
8. ജൂനിയർ സെക്രട്ടേറിയേറ്റ് അസിസ്റ്റന്റ് – 278
9. കൗൺസിലർ – 50
10. ഹെഡ് ക്ലാർക്ക് – 12
11. അസിസ്റ്റന്റ് ടീച്ചർ (പ്രൈമറി) – 120
12. പത്വാരി – 10

വിശദവിവരങ്ങൾക്കും വെബ്സൈറ്റ് കാണുക. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 24.

**3. കഴക്കൂട്ടം സൈനിക സ്കൂളിൽ അധ്യാപക തസ്തികയിൽ 3 സ്ഥിരം ഒഴിവുകൾ**

തിരുവനന്തപുരത്തെ കഴക്കൂട്ടത്തുള്ള സൈനിക സ്കൂളിൽ അധ്യാപക തസ്തികകളിൽ 3 സ്ഥിരം ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

1. പോസ്റ്റ് ഗ്രാജുവേറ്റ് ടീച്ചർ കെമിസ്ട്രി – 1
2. പോസ്റ്റ് ഗ്രാജുവേറ്റ് ടീച്ചർ ഫിസിക്സ് – 1 (ഒ.ബി.സി.)
3. ട്രെയിൻഡ് ഗ്രാജുവേറ്റ് ടീച്ചർ കമ്പ്യൂട്ടർ സയൻസ് – 1 (എസ്.ടി)

വിശദവിവരങ്ങൾക്കായി www.sainikschooltvm.nic.in എന്ന വെബ്സൈറ്റ് കാണുക. അപേക്ഷകൾ The Principal, Sainik School, Kazhakoottam, Thiruvananthapuram, Kerala, 695585 എന്ന വിലാസത്തിലേക്ക് അയക്കുക.

**4. വാട്ടർ ഡെവലപ്മെന്റ് ഏജൻസിയിൽ 62 അവസരം**

ഡൽഹിയിലെ നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയിൽ വിവിധ തസ്തികകളിലായി നിലവിലുള്ള 62 ഒഴിവുകളിലേക്ക് പരസ്യവിജ്ഞാപന നമ്പർ 07/201 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ ചുവടെ പറയും പ്രകാരമാണ്.

1. ജൂനിയർ എൻജിനീയർ (സിവിൽ) – 16
2. ഹിന്ദി ട്രാൻസ്ലേറ്റർ – 1
3. ജൂനിയർ അക്കൗണ്ട്സ് ഓഫീസർ – 5
4. അപ്പർ ഡിവിഷൻ ക്ലാർക്ക് – 12
5. സ്റ്റെനോഗ്രാഫർ ഗ്രേഡ് 2 – 5
6. ലോവർ ഡിവിഷൻ ക്ലാർക്ക് – 23

യോഗ്യത, പ്രായപരിധി എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾക്കും അപേക്ഷിക്കാനുമായി www.nwda.gov.in എന്ന വെബ്സൈറ്റ് കാണുക. ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 25.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 02-06-2021, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 02.06.2021 അവസാന തീയതി: 07.07.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2011 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൌകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യു അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

**ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)**

### കാറ്റഗറി നമ്പർ : 203/2021

### ഹൈസ്ക്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) മലയാളം മാധ്യമം

### വിദ്യാഭ്യാസം

| | | |
|---|---|---|
| **1 വകുപ്പ്** | : | വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : | ഹൈസ്ക്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) മലയാളം മാധ്യമം |
| **3 ശമ്പളം** | : | 29200-62400/ (PR) |
| **4 ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ |

| ജില്ല | ഒഴിവുകൾ |
|---|---|
| 1. തിരുവനന്തപുരം | കണക്കാക്കപ്പെട്ടിട്ടില്ല |
| 2. കൊല്ലം | |
| 3. പത്തനംതിട്ട | |
| 4. ആലപ്പുഴ | |
| 5. കോട്ടയം | |
| 6. ഇടുക്കി | |
| 7. എറണാകുളം | |
| 8. തൃശൂർ | |
| 9. പാലക്കാട് | |
| 10. മലപ്പുറം | |
| 11. കോഴിക്കോട് | |
| 12. വയനാട് | |
| 13. കണ്ണൂർ | |
| 14. കാസർഗോഡ് | |

**കുറിപ്പ്:** (i) ഉദ്യോഗാർത്ഥികൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) 03.01.2013 ലെ GO(P)No. 01/2013/SJD, 26.11.2018 ലെ GO(P)No.20/2018/SJD, 7.5.19 ലെ GO(P)No.5/2019/SJD എന്നീ ഉത്തരവുകൾ പ്രകാരം ടി തസ്തികയുടെ 3% ഒഴിവുകൾ Locomotor Disabiltiy / Cerebral palsy, Hearing impairment, Low vision , Blindness എന്നീ ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.

(v) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരെഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18-40, ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പടെ). പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ :** 1) ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബി.എഡ്/ബി.റ്റി ബിരുദവും. (ബന്ധപ്പെട്ട വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് (ii)-ൽ നൽകിയിരിക്കുന്നത് നോക്കുക).

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/പി.എച്ച്ഡി/ഏതെങ്കിലും വിഷയത്തിൽ എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. [G.O.(P)No.145/16/G.Edn തീയതി 30.08.2016, G.O(P)No.206/16/G.Edn തീയതി 08.12.2016, GO(P) No.15/2020/GEdn dtd 09.10.2020].

**കുറിപ്പ്** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോ

**(ശേഷം പേജ് 12ൽ)**



# SCIENCE AND TECHNOLOGY

1. What is 'Covid Kavach Elisa' that was seen in news recently?
a) Mask b) Testing kit
c) Disinfectant
d) Personal protective Equipment (PPE)
2. What is the name of the mobile application launched by the Indian government to track the risk of coronavirus infection?
a) Corona Suraksha b) Corona Raksh
c) Corona Kavach d) Corona Sevak
3. The Transiting exoplanet Survey Satellite (TESS) which recently discovered a new habitable exoplanet known as 'TOI 700 d', belongs to which space Agency?
a) ISRO b) NASA
c) JAXA d) CNSA
4. The Department of Science and Technology has released Rs. 1 crore to a Pune based company named 'Scitech Park' for manufacturing which product?
a) Air purifier b) Ventilator
c) Hand Sanitiser d) Masks
5. Which Indian company has launched the world's first CRISPR Cas-9 based diagnostic tool 'CHECK'?
a) Biocon b) Wipro
c) Infosys
d) Tata Medical and Diagnostics
6. DRDO is to establish Biodigester MK-II Technology in which state's metro rail network?
a) Kerala b) Maharashtra
c) Tamil Nadu d) Karnataka
7. First ever radish crop has been grown in space by which organisation?
a) NASA b) ISRO
c) European Space Agency
d) Russian Space Agency
8. Which type of eclipse is also known as the 'Beaver moon'?
a) Full Lunar Eclipse
b) Solar Eclipse
c) Partial Lunar Eclipse
d) Penumbral Lunar Eclipse
9. Falcon 9 rocket is used by which space agency?
a) ISRO b) NASA
c) Space X d) ESA
10. What is "B 1.617" which is seen in news recently?
a) COVID-19 Variant b) Air to Air Missile
c) New Planet d) Hydrogen fuel cell
11. 'Unicorn' is the name of which space body, that was recently discovered at 1500 light years away from the Earth?
a) Exo-planet b) Black hole
c) Asteroid d) Satellite
12. With reference to astronomy, what is 'Osiris' that was seen in news recently?
a) Meteor b) Exo planet
c) Blackhole d) Asteroid
13. What is the name of the condition in which the human body is deprived of adequate oxygen supply at the tissue level?
a) Hypoxia b) Typoxia
c) Myoxia d) Hyperoxia
14. 'We Think Digital' is a digital literacy program of which global technology company?
a) Google b) Facebook
c) Apple d) Amazon
15. Which association recently collaborated with NITI Aayog's Atal Innovation Mission (AIM) to launch Artifical Intelligence based module for Indian School Students?
a) NASSCOM b) CII
c) FICCI d) T-Hub
16. What is the original name of Antarctica's 'Doomsday Glacier' which was making news recently?
a) Pine Island Glacier
b) Helheim Glacier
c) Jakobshawn Glacier
d) Thwaites Glacier
17. "Thane Creek Flamingo Sanctuary", declared as an Eco-snsitive zone by the Union Ministry of Environment, Forest and Climate Change is located in which state?
a) Odisha b) Gujarat
c) Maharashtra d) Karnataka
18. Siruvani hills, which has been identified as a butterfly super-hotspot is located in which state?
a) Tamil Nadu b) Kerala
c) Karnataka d) Andhrapradesh
19. Which species has been recently named after the state of Arunachal pradesh?
a) Spider b) Butterfly
c) Turtle d) Gecko
20. 'Arribada' is a term used to describe the mass migration of which species?
a) Frog b) Sea Turtle
c) Snakes d) Butterfly
21. India's first moss garden has been developed in which state/UT?
a) Himachal pradesh b) Sikkim
c) Uttarakhand d) West Bengal
22. What is the IUCN status of black softshell turtles?
a) Vulnerable b) Least concerned
c) Extinct in the wild
d) Critically Endangered
23. Which state has implemented a public private partnership (PPP) model for rescue and rehabilitation of leopards?
a) Gujarat b) Haryana
c) Himachal pradesh d) Jammu & Kashmir
24. Which organisation developed 'crystal blade technology' for aero engines?
a) DRDO b) ISRO
c) HAL d) BEL
25. The 'Yudh Abhyas' is a joint military exercise between India and which country?
a) France b) US
c) Japan d) Sri Lanka
26. What is the name of the military exercise that would involve assets of Indian Army, Navy and AirForce and coast Guard?
a) Exercise Kavach b) Exercise Kapil
c) Exercise Himvijay d) Exercise Darshan
27. With reference to DRDO, what is 'Rakshita' which was making news recently?
a) Air Ambulance b) Water Ambulance
c) Bike-based Ambulance
d) Unmanned Aerial Vehicle
28. Navy Day is celebrated by India every year on $4^{th}$ December to commemorate which operation?
a) Operation Tornado
b) Operation Blue Star
c) Operation Black Thunder
d) Operation Trident
29. SIMTEX is a trilateral Naval exercise between India, Singapore and which country?
a) Thailand b) Switzerland
c) Sweden d) Saudi Arabia
30. Brah Mos Aerospace is a joint venture company setup by Russia's Mashinos troyenia and which other company of India?
a) DRDO b) ISRO
c) HAL d) BEL
31. In context with the Supreme Court Judgement on granting permanent Commission to female Navy officers in Indian Navy, for how many years they can serve in permanent commission?
a) 8 years b) 15 years
c) 10 years d) 14 years
32. Which central Armed Police force has launched an e-office application called 'e-Karyalay' for the digital movement of files amid Covid-19 Pandemic?
a) CRPF b) ITBP
c) SSB d) CISF
33. Which of the following Statements regarding Hypersonic Technology Demonstration Vehicle (HSTDV) is/are correct?
1. DRDO has successfully tested HSTDV from Dr. APJ Abdul Kalam Launch complex at wheeler Island; off the Odisha Coast
2. It was launched using solid rocket motor, which took it to an an altitide of 30 kms from where cruise vehicle separated and moved on the desired flight path at a velocity of 6 times the speed of sound ie nearly 2 km/second for more than 20 seconds.
a) 1 only b) 2 only
c) Both 1 and 2 d) Neither 1 nor 2
34. What is the theme of the multilateral naval exercise of India-`Milan 2020'?
a) Synergy across the seas
b) Maritime Challenges
c) Indian Ocean co-operation
d) Synergy across the seas
35. Which edition of the India-Bangladesh 'SAMPRITI' military exercise was held from February 3 to 16, 2020 at Umroi, Meghalaya?
a) $7^{th}$ b) $9^{th}$
c) $10^{th}$ d) $8^{th}$
36. Which of the following statements are correct?
a) DRDO developed India's first indigenous machine pistol called 'ASMI'
b) BSF organises the operation 'Garam Hawa' in summer season and 'Sard Hawa' during winter season every year.
c) Larsen and Toubro has manufactured and delivered the booster segment for Gaganyaan Launch Vehicle to ISRO
d) All the above
37. Which of the following statements are correct?
1. The Quick Reaction Surface-to-Air Missile (QRSAM) was indigenously developed by the DRDO
It was tested by the Chandipur Test range, Odisha
a) 1 only b) 2 only
c) Both 1 and 2 d) Neither 1 nor 2
38. Which of the following statements are true?
1. Prithvi-2 is a short range surface to surface ballistic missile developed by DRDO
2. It has a range of 350 km and a payload of 500 kg.
a) Both 1 and 2 b) 2 only
c) Neither 1 nor 2 d) 1 only
39. Which of the following statements are true?
1.India's first advanced Hypersonic Wind Tunnel (HWT) test facility was inaugurated by Union Defence Minister Rajnath Singh to DRDO's APJ Abdul Kalam Missile Complex in Hyderabad
2. India is the third country to have such a large HWT Test Facility
a) only 2 b) only 1
c) None of the above d) Both 1 and 2
40. Which of the following statements are correct?
1. The Government Hospital of Ernakulam, Kerala has deployed a robot named 'KARMI-Bot' to serve food and medicines to Corona Virus patients in the Covid-19 isolation wards
2. The robot has been introduced to reduce the risk of doctors and health workers from being contracted to the Corona Virus.
3. Asimov Robotics, a startup company under the Kerala Start-up mission, has developed the robot
4. It is used as a substitute for doctors in treating Covid-19 infection
a) 1, 2 and 4 b) 2, 3 and 4
c) 1, 2 and 3 d) 1, 2, 3 and 4
41. The portal launched by Prime Minister of India in the Indian Science Congress held at Bengaluru?
a) 1-Space b) 1-SCITECH
c) 1-STEM d) 1-SCIENCE
42. The Covid-19 sample collection kiosk (COVSACK) was developed by the laboratory of which institution?
a) DRDO b) HAL
c) BEL d) BHEL
43. What is the name of the first social media super-application, to be launched in India?
a) Inspire b) Ignite
c) Incorporate d) Elyments
44. 'Jiuzhang', the world's first light based quantum computer was developed by which country?
a) India b) US
c) China d) Japan
45. Which of the following statements are correct?
1.World's largest visible light telescope called 'Thirty Meter Telescope' is setup in Mauna kea on the island of Hawaii
2. India's Department of Science and Technology (DST) and Department of Atomic Energy (DAE) are involved in the project.
a) 1 only b) 2 only
c) Neither 1 nor 2 d) Both 1 and 2
46. What technology has been developed by a Hong Kong Scientist to detect autism at a very early stage?
a) Brain pulse detection
b) WBC Imaging c) EEG Analysis
d) Retinal eye scanning
47. Covid Vaccine called 'Covishield' was developed by which Indian Company in Partnership with OXford University and the British-Swedish firm Astrazeneca?
a) Sun Pharma b) Biocon
c) Serum Institute of India
d) Dr. Reddys
48. Indian Railway has introduced the technology of "Push - Pull Mode" (attach one engine in the front and one in the rear) in which train recently?
a) Tejas b) Rajadhani
c) Shatabdi d) Uday
49. What is 'Ingenuity' which is making in news recently?
a) Meteor b) Covid Vaccine
c) NASA's Mars Helicopter
d) Google word of the year
50. What is 'Black fungus', a serious fungal infection seen in human beings affected with Covid-19 in some states of India is medically called?
a) Onychomycosis
b) Cutaneous candidiasis
c) Mucor mycosis d) None of the above

## ANSWERS

1 (b), 2 (c), 3 (b), 4 (a), 5 (d), 6 (b), 7 (a), 8 (d), 9 (c), 10 (a), 11 (b), 12 (b), 13 (a), 14 (b), 15 (a), 16 (d), 17 (c), 18 (a), 19 (d), 20 (b), 21 (c), 22 (c), 23 (a), 24 (a), 25 (b), 26 (a), 27 (c), 28, (d), 29 (a), 30 (a), 31 (d), 32 (d), 33 (c), 34 (d), 35 (b), 36 (d), 37 (c), 38 (a), 39 (d), 40 (c), 41 (c), 42 (a), 43 (d), 44 (c), 45 (d), 46 (d), 47 (c), 48 (b), 49 (c), 50 (c)



# കലയും സാഹിത്യവും-34

## മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ചങ്ങലക്കണ്ണി വിച്ഛേദിക്കപ്പെടരുത് എന്നതാണ് ആനന്ദത്തിന്റെ ആദ്യ വ്യവസ്ഥകളിലൊന്ന്

1. "മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ചങ്ങലക്കണ്ണി വിച്ഛേദിക്കപ്പെടരുത് എന്നതാണ് ആനന്ദത്തിന്റെ ആദ്യ വ്യവസ്ഥകളിലൊന്ന്." ആരുടെ വാക്കുകൾ?
**ലിയോ ടോൾസ്റ്റോയി**
2. കെ. ആർ. മോഹനന്റെ അശ്വത്ഥാമാവ് എന്ന ചിത്രത്തിന് തിരക്കഥ എഴുതുകയും മുഖ്യവേഷമണിയുകയും ചെയ്ത നോവലിസ്റ്റാര്?



**മാടമ്പ് കുഞ്ഞുകുട്ടൻ**
3. ചരിത്രകാരൻ കെ. എൻ.പണിക്കരുടെ ആത്മകഥ
**കലുഷിതമായ കാലം: ഒരു ചരിത്രകാരന്റെ ഓർമ്മക്കുറിപ്പുകൾ**
4. പ്രശസ്ത എഴുത്തുകാരിയായ ജുംബ ലാഹിരിയുടെ 2016 ൽ പുറത്തിറങ്ങിയ ഓർമ്മക്കുറിപ്പ്
**ഇൻ അദർ വേഡ്സ്** (In other Words)
5. 1975 ൽ സ്വന്തം പണിപ്പുരയിൽ ഉണ്ടായ അഗ്നിബാധയിൽ വെന്തുമരിച്ച ബ്രിട്ടീഷുകാരിയായ പ്രശസ്ത ശില്പി
**ബാർബറ ഹെപ്വർത്ത്**
6. സമകാലിക ഇന്ത്യയെക്കുറിച്ചുള്ള ഭയാശങ്കകളെ ആവിഷ്കരിച്ചുകൊണ്ട് തന്റെ യഥാർത്ഥ രാഷ്ട്രീയത്തെ വെളിപ്പെടുത്തി സത്യജിത് റായി അവസാനമായി ഒരുക്കിയ സിനിമ
**ആഗന്തുക്**
7. രവീന്ദ്രനാഥ ടാഗോറിന്റെ അനന്തരവനും വിശ്വഭാരതി സർവ്വകലാശാലയുടെ അധിപനുമായിരുന്ന പ്രശസ്ത ഇന്ത്യൻ ചിത്രകാരൻ



**അബനീന്ദ്രനാഥ ടാഗോർ**
8. കഥകളിയുടെ കൈമുദ്രകളുടെ അടിസ്ഥാന ഗ്രന്ഥം
**ഹസ്തലക്ഷണദീപിക**
9. അലമാര, കസേര, കുരിശ് എന്നീ വാക്കുകൾ ഏത് ഭാഷയിൽ നിന്നാണ് മലയാളത്തിലേയ്ക്ക് വന്നത്?
**പോർച്ചുഗീസ്**
10. വാക്കുകളും പ്രതീകങ്ങളും എന്ന പ്രശസ്ത ചിത്രപരമ്പര രചിച്ച മലയാളി
**കെ. സി. എസ്. പണിക്കർ**
11. പണ്ഡിറ്റ് രവിശങ്കറിന്റെ 'മൈ മ്യൂസിക് മൈ ലൈഫ്' എന്ന ആത്മകഥയ്ക്ക് ആമുഖം എഴുതിയ വിഖ്യാത വയലിനിസ്റ്റ്
**യഹൂദി മെനുഹിൻ**
12. കഥകളിയരങ്ങിലെ നിത്യവിസ്മയമായ കലാമണ്ഡലം ഗോപിയുടെ യഥാർത്ഥ പേര്
**വടക്കെ മണാളത്ത് ഗോവിന്ദൻ നായർ**
13. ആദ്യകാലത്ത് എൻ.എ. ദാസ് എന്ന പേരിൽ ചല ച്ചിത്രങ്ങൾക്ക് സംഗീതം നൽകിയത് ആര്?
**നൗഷാദ്**
14. കഥാസരിത് സാഗരം എഴുതിയതാര്?
**സോമദേവ ഭട്ടൻ**
15. കോവിഡ് ബാധിതനായി ഈയിടെ അന്തരിച്ച ജ്ഞാനപീഠ ജേതാവായ ബംഗാളി കവി
**ശംഖ ഘോഷ്**



16. ട്രോജൻ യുദ്ധത്തിന്റെ കഥ പറയുന്ന പ്രശസ്ത ഗ്രീക്ക് ഇതിഹാസം
**ഇലിയഡ്**
17. ജയിംസ് ബോണ്ട് എന്ന കഥാപാത്രത്തെ സൃഷ്ടിച്ച എഴുത്തുകാരൻ
**ഇയാൻ ഫ്ളെമിംഗ്**
18. ഒഡീസി നൃത്തത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ ഏത് കൃതിയിൽ നിന്നുള്ളതാണ്?
**ഗീതാഗോവിന്ദം**
19. കേരളത്തിനുള്ളിൽ അച്ചടിച്ച ആദ്യ മലയാള കൃതി
**ചെറുപൈതങ്ങളുടെ ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ** (സി.എം.എസ്. പ്രസ്സ്, കോട്ടയം)
20. റൈറ്റ്സ് ഓഫ് പാസേജ് (Rites of Passage) എന്ന നോവൽ എഴുതിയതാര്?
**വില്യം ഗോൾഡിങ്**
21. ഏത് വർഷമാണ് ബ്രിട്ടനിൽ ആദ്യ സ്വതന്ത്ര ലൈബ്രറി ആരംഭിച്ചത്?
**1852**
22. ഏകാന്തവാസത്തിന്റെ ദുരിതത്തെ പ്രതിപാദിച്ചു കൊണ്ട് ചൈനീസ് എഴുത്തുകാരിയായ ആൻ യു രചിച്ച പ്രഥമ നോവൽ




**ബ്രെയിസ്ഡ് പോർക്** (Braised Pork)
23. മലയാളത്തിലെ ജെ സി ഡാനിയേൽ പുരസ്കാരം ആദ്യമായി നേടിയ വ്യക്തി
**റ്റി. ഇ. വാസുദേവൻ**
24. ഇന്ത്യയിൽ ഉത്സവങ്ങളുടെ ഉത്സവമെന്ന് അറിയപ്പെടുന്ന മേള
**ഹോൺബിൽ മേള**
25. മുഖത്ത് പച്ചയിട്ട് തുള്ളുന്ന കോലം
**ദേവത**
26. ആദ്യത്തെ മാൻ ബുക്കർ പ്രൈസ് നേടിയ കൃതി
**സംതിങ് റ്റു ആൻസർ ഫോർ** (Something to Answer For)
27. 1964 ലെ സാഹിത്യ നൊബേൽ പുരസ്കാരം നേടിയിട്ടും അത് നിരാകരിച്ച ഫ്രഞ്ച് എഴുത്തുകാരൻ
**ജീൻ പോൾ സാത്രേ**
28. ഇന്ത്യയിലെ ആദ്യത്തെ ഫെമിനിസ്റ്റ് പബ്ലിഷിംഗ് ഹൗസ്
**കാളി**
29. ലോകപ്രശസ്ത ചലച്ചിത്രകാരനായ സത്യജിത് റായിയുടെ ഫോട്ടോഗ്രാഫിക് ബയോഗ്രാഫർ എന്ന് അറിയപ്പെട്ട ഫോട്ടോഗ്രാഫർ
**നിമായ് ഘോഷ്**
30. ഇന്ത്യയിൽ പല ഭാഗത്തും ടിബറ്റൻ ബുദ്ധിസ്റ്റുകൾ ആഘോഷിക്കുന്ന ഉത്സവം
**ലോസർ ഫെസ്റ്റിവൽ**



# ചരിത്രത്തോടൊപ്പം നടന്നവർ

## ചരിത്ര വീഥിയിൽ ഇടംപിടിച്ച ചില മഹത് വ്യക്തികളെ പരിചയപ്പെടാം

### ദേവേന്ദ്രനാഥ് ടാഗോർ (1817-1905)

ബംഗാളി വ്യവസായിയായ ദ്വാരകാനാഥ് ടാഗോറിന്റെ മകനായ അദ്ദേഹം സിവിൽ സർവീസിൽ പ്രവേശിച്ച ആദ്യ ഇന്ത്യക്കാരനായ സത്യേന്ദ്രനാഥ് ടാഗോറിന്റെയും (1842-1923) മഹാകവി രബീന്ദ്രനാഥ് ടാഗോറിന്റെയും (1861-1941) പിതാവാണ്. 1817 മെയ് 17-ന് വടക്കുപടിഞ്ഞാറൻ കൊൽക്കത്തയിൽ ജോരാസാങ്കോ താക്കൂർ ബാരിയിൽ ദേവേന്ദ്രനാഥ് ടാഗോർ ജനിച്ചു. ഈ ഭവനമാണ് പിൽക്കാലത്ത് രബീന്ദ്ര ഭാരതി സർവകലാശാലയായത്.

രാജാറാം മോഹൻ റോയിയുടെ അടുത്ത സുഹൃത്തായിരുന്നു ദ്വാരകാനാഥ് ടാഗോർ. അതുകൊണ്ടുതന്നെ ദേവേന്ദ്രനാഥ് ടാഗോർ ചെറുപ്പത്തിലേതന്നെ ബ്രഹ്മസമാജത്തിന്റെ സ്വാധീനത്തിൽവന്നു. ഉപനിഷത്തുകൾ ഉൾപ്പെടെയുള്ള തത്ത്വചിന്താപരമായ കൃതികളുമായുള്ള സമ്പർക്കംമൂലം അദ്ദേഹം ആത്മീയമായി ഉയർന്നു. തന്റെ അനുഭവപരിചയവും അറിവും പ്രചരിപ്പിക്കുന്നതിന് 1839-ൽ അദ്ദേഹം തത്ത്വബോധിനിസഭ സ്ഥാപിച്ചു. 1843-ൽ അതിന്റെ ജിഹ്വ എന്ന നിലയിൽ തത്ത്വബോധിനി പത്രിക ആരംഭിച്ചു (ഇത് 1883വരെ പ്രസിദ്ധീകരണം തുടർന്നു). അതേവർഷംതന്നെ, രാജാറാം മോഹൻ റോയിയുടെ നിര്യാണത്തോടെ (1833) ദുർബലമായ ബ്രഹ്മസഭയെ സജീവമാക്കാനുള്ള ഉദ്യമങ്ങളിൽ അദ്ദേഹം ഏർപ്പെട്ടു. ബ്രഹ്മസഭ, തത്ത്വബോധിനിസഭയുമായി സംയോജിപ്പിച്ച് കൽക്കട്ട ബ്രഹ്മസമാജം സ്ഥാപിച്ചു.



പിൽക്കാലത്ത്, ദേവേന്ദ്രനാഥ് ടാഗോറുമായി അഭിപ്രായവ്യത്യാസമുണ്ടായതിനാൽ ഒരു വിഭാഗം കേശവചന്ദ്രസെന്നിന്റെ നേതൃത്വത്തിൽ സംഘടിക്കുകയും ഭാരതീയ ബ്രഹ്മസമാജം (Brahma Samaj of India) സ്ഥാപിക്കുകയും ചെയ്തു. ദേവേന്ദ്രനാഥ ടാഗോറിന്റെ വിഭാഗം ആദി ബ്രഹ്മസമാജം എന്നറിയപ്പെട്ടു. 1850-ൽ ദേവേന്ദ്രനാഥ് ടാഗോർ ബ്രഹ്മസമാജത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ പ്രതിപാദിച്ചുകൊണ്ട് ബ്രഹ്മധർമ എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ബംഗാളി നവോത്ഥാനത്തിനും സനാതനധർമത്തിന്റെ പുനരുജ്ജീവനത്തിനും കനത്ത സംഭാവനകൾ നൽകിയ ദേവേന്ദ്രനാഥ് ടാഗോർ 1905 ജനുവരി 19-ന് അന്തരിച്ചു. അദ്ദേഹം മഹർഷി എന്ന അപരനാമത്തിലറിയപ്പെടുന്നു.

### സർ സയ്യദ് അഹമ്മദ് ഖാൻ (1817-1898)

1817 ഒക്ടോബർ 17-ന് ഡൽഹിയിലാണ് സർ സയ്യദ് അഹമ്മദ് ഖാൻ ജനിച്ചത്. മുഗൾ ചക്രവർത്തിമാരുടെ കീഴിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരായിരുന്നു അദ്ദേഹത്തിന്റെ മുൻ തലമുറകൾ. ഇംഗ്ലീഷ് സിവിൽ സർവീസിൽ ഒരു ഉദ്യോഗസ്ഥനാകാൻ ആഗ്രഹിച്ച സയ്യദ് അഹമ്മദ് ഖാൻ ഈസ്റ്റ് ഇന്ത്യാ കമ്പനി കോളേജിൽചേർന്ന് ബിരുദം നേടി. ആഗ്ര കോടതിയിൽ ശിരസ്തദാർ ആയി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം ക്രമേണ സ്ഥാനക്കയറ്റത്തിലൂടെ ഉന്നതപദവിയിലെത്തി.

1858-ലെ വിപ്ളവം ഇന്ത്യയിൽ മുഗൾ അധികാരത്തി



നു തിരശ്ശീല വീഴ്ത്തിയത് സയ്യദ് അഹമ്മദ് ഖാനെ നിരാശനാക്കി. വിപ്ളവത്തിന്റെ കാരണങ്ങളെക്കുറിച്ച് അദ്ദേഹം ഒരു പുസ്തകം രചിച്ചു. ആദ്യകാലത്ത് ഹിന്ദു-മുസ്ലീം സാഹോദര്യം ലക്ഷ്യമാക്കി പ്രവർത്തിച്ച സയ്യദ് അഹമ്മദ് ഖാനാണ് ഇന്ത്യയാകുന്ന വധുവിന്റെ ഒരു കണ്ണ് ഹിന്ദുവും മറ്റേത് മുസ്ലിമും ആണ് എന്ന് വിഭാവനം ചെയ്തത്. ഇക്കാരണത്താലാണ് അദ്ദേഹത്തെ ഒരു സാമൂഹിക പരിഷ്കർത്താവായും ദേശീയ നേതാവായും വിലയിരുത്തുന്നത്. മുസ്ലിം സമുദായത്തെ പരിഷ്കരിക്കാൻ പാശ്ചാത്യ വിദ്യാഭ്യാസം അനിവാര്യമാണെന്ന് സയ്യദ് അഹമ്മദ് ഖാൻ വിശ്വസിച്ചു. ബംഗാളിൽ മുഹമ്മദൻ ലിറ്ററി സൊസൈറ്റി സ്ഥാപിച്ച നവാബ് അബ്ദുൾ ലത്തീഫാണ് ഇസ്ലാം മതത്തിൽ പരിഷ്കരണത്തിന് വിത്തുപാകിയത്. സയ്യദ് അഹമ്മദ് ഖാൻ സ്ഥാപിച്ച മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജാണ് പിൽക്കാലത്ത് അലിഗഢ് മുസ്ളിം യൂണിവേഴ്സിറ്റിയായി മാറിയത്. പാകിസ്താന്റെ ആദ്യത്തെ രണ്ട് പ്രധാനമന്ത്രിമാരും (ലിയാഖത്ത് അലിഖാൻ, ഖ്വാജാ നസിമുദ്ദീൻ), ഇന്ത്യൻ പ്രസിഡന്റായ ഡോ.സക്കീർ ഹുസൈനും ഇവിടുത്തെ മുൻ വിദ്യാർഥികളായിരുന്നു.

1875-ൽ സയ്യദ് അഹമ്മദ് ഖാൻ അലിഗഢ് പ്രസ്ഥാനം എന്ന പരിഷ്കരണ പ്രസ്ഥാനം ആരംഭിച്ചു. മുസ്ലിങ്ങളുടെ മതകാര്യങ്ങളിലും പർദ്ദ തുടങ്ങിയ ആചാരാനുഷ്ഠാനങ്ങളിലും മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം തന്റെ ലേഖനങ്ങളിലൂടെ ഉദ്ബോധിപ്പിച്ചു. 1887-ൽ വൈസ്രോയി ഡഫറിൻ പ്രഭു സയ്യദ് അഹമ്മദ് ഖാനെ സിവിൽ സർവീസ് കമ്മിഷൻ അംഗമായി നാമനിർദ്ദേശം ചെയ്തു. സയ്യദ് അഹമ്മദ് ഖാൻ 1888-ൽ യുണൈറ്റഡ് പാട്രിയോട്ടിക് അസോസിയേഷൻ സ്ഥാപിച്ചു. അതേവർഷംതന്നെ അദ്ദേഹത്തിന് ബ്രിട്ടീഷ് സർക്കാർ നൈറ്റ്ഹുഡ് സ്ഥാനം (സർ പദവി) നൽകി ആദരിച്ചു. 1898 മാർച്ച് 28ന് സയ്യദ് അഹമ്മദ് ഖാൻ അന്തരിച്ചു.

### ബീഗം ഹസ്രത്ത് മഹൽ (1820-1879)

അവധിലെ അവസാനത്തെ നവാബായിരുന്ന വാജിദ് അലി ഷായുടെ ആദ്യ ഭാര്യയായിരുന്നു ബീഗം ഹസ്രത്ത്



മഹൽ. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ പോരാട്ടമാണ് ബീഗത്തെ ഇന്ത്യാ ചരിത്രത്തിൽ അവിസ്മരണീയയാക്കുന്നത്. അവധ് എന്ന നാട്ടുരാജ്യത്തിലെ ഫൈസാബാദിലാണ് ഹസ്രത്ത് ജനിച്ചത്. മുഹമ്മദി ഖാനം എന്നായിരുന്നു ബാല്യകാല നാമം. ലക്നൗ ഭരണാധികാരിയായിരുന്ന വാജിദ് അലി ഷാ തന്റെ രാജ്ഞിയാക്കിയതോടെ അവർ ഹസ്രത് മഹൽ എന്ന പേര് സ്വീകരിച്ചു. 1856-ൽ ബ്രിട്ടീഷുകാർ അവധ് കീഴടക്കിയപ്പോൾ വാജിദ് അലി ഷാ നാടുകടത്തപ്പെട്ടു. ഭർത്താവിന്റെ അഭാവത്തിൽ ബീഗം ഭരണം ഏറ്റെടുത്തു. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത് രാജാ ജൈലാൽ സിങ്ങിനൊപ്പം ചേർന്ന് ലക്നൗ ബ്രിട്ടീഷുകാരിൽ നിന്ന് പിടിച്ചെടുക്കുകയും അവധിന്റെ സിംഹാസനത്തിൽ തന്റെ മകനായ ബിർജിസിനെ അവരോധിക്കുകയും ചെയ്തു. 1858-ൽ നടന്ന പോരാട്ടത്തിലൂടെ ബ്രിട്ടീഷുകാർ അവധ് തിരിച്ചുപിടിക്കുകയും ബീഗത്തോട് കീഴടങ്ങാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ബീഗം നേപ്പാളിൽ രാഷ്ട്രീയാഭയം തേടി. 1879 ഏപ്രിൽ ഏഴിന് നേപ്പാളിൽ അന്തരിച്ചു.

### ഈശ്വരചന്ദ്ര വിദ്യാസാഗർ (1820-1891)

ആധുനിക ഇന്ത്യയിലെ പ്രധാന സാമൂഹിക പരിഷ്കർത്താക്കളിലൊരാളായ ഈശ്വര ചന്ദ്ര വിദ്യാസാഗർ വിധവാ വിവാഹത്തിന് നിയമസാധുത നൽകുന്നതിനും ബഹുഭാര്യാത്വവും ശൈശവ വിവാഹവും നിരോധിക്കുന്നതിനും വേണ്ടി നടത്തിയ അക്ഷീണപരിശ്രമങ്ങളിലൂ



ടെ ശ്രദ്ധേയമായ വ്യക്തിത്വത്തിനുടമയാണ്. ആധുനിക ബംഗാളി ഗദ്യത്തിന്റെ പിതാവായും അദ്ദേഹം വാഴ്ത്തപ്പെടുന്നു.

1820 സെപ്തംബർ 26-ന് ബംഗാളിലെ ബിർസിംഘ വില്ലേജിലാണ് താക്കൂർദാസ് ബന്ദോപാധ്യായയുടെയും ഭഗവതി ദേവിയുടെയും മകനായി ഈശ്വരചന്ദ്ര വിദ്യാസാഗർ ജനിച്ചത്. 1841-ൽ ഫോർട്ട് വില്യം കോളേജിൽ സംസ്കൃത വകുപ്പിന്റെ തലവനായി അദ്ദേഹം ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1846-ൽ അവിടെനിന്നും സംസ്കൃതകോളേജിൽ പോയി അസിസ്റ്റന്റ് സെക്രട്ടറിയായി. 1851-ൽ അദ്ദേഹം സംസ്കൃത കോളേജിന്റെ പ്രിൻസിപ്പലായി. വിദ്യാസാഗറിന്റെ സമ്മർദ്ദഫലമായി 1856-ൽ ഈസ്റ്റിന്ത്യാക്കമ്പനിയുടെ അധീനതയിലുള്ള മുഴുവൻ പ്രദേശത്തും വിധവാ പുനർവിവാഹ നിയമം ബാധകമാക്കി. വിദ്യാസാഗറിന്റെ കാർമികത്വത്തിലാണ് കൊൽക്കത്തയിലെ ആദ്യത്തെ വിധവാ വിവാഹം 1856 ഡിസംബർ ഏഴിന് നടത്തപ്പെട്ടത്. ബംഗാളി ലിപിയുടെ പരിഷ്കരണമാണ് അദ്ദേഹത്തിന്റെ മറ്റൊരു സംഭാവന. സ്ത്രീ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയ അദ്ദേഹം നിരവധി പെൺപള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. സംസ്കൃതപഠന രംഗത്ത് ബ്രാഹ്മണർക്കുണ്ടായിരുന്ന മേധാവിത്വം അവസാനിപ്പിക്കുന്നതിന് അദ്ദേഹം അശ്രാന്ത പരിശ്രമം നടത്തി. 1891 ജൂലൈ 29-ന് കൊൽക്കത്തയിൽ ഈശ്വരചന്ദ്ര വിദ്യാസാഗർ അന്തരിച്ചു. ●

# കേരള 15-ാമത് നിയമസഭ - വകുപ്പുകളും മന്ത്രിമാരും



**മുഖ്യമന്ത്രി**
**പിണറായി വിജയൻ**
പൊതുഭരണം, ആഭ്യന്തരം, ആസൂത്രണം, പരിസ്ഥിതി, മലിനീകരണ നിയന്ത്രണം, ന്യൂനപക്ഷ ക്ഷേമം, പ്രവാസികാര്യം, ഐടി, എയർപേർട്ട്, മെട്രോ റെയിൽ, വിജിലൻസ്, ഫയർ ഫോഴ്സ്, ജയിൽ, ഇൻഫോർമേഷൻ ആൻറ് പബ്ലിക് റിലേഷൻ, ഷിപ്പിങ്ങ് ആന്റ് നാവിഗേഷൻ തുടങ്ങി മറ്റ് മന്ത്രിമാർക്ക് ഇല്ലാത്ത എല്ലാ വകുപ്പുകളുടെയും ചുമതല



**എം വി ഗോവിന്ദൻ**
എക്സൈസ്, തദ്ദേശ സ്വയംഭരണം, ഗ്രാമ വികസനം, നഗരാസൂത്രണം, കില



**കെ എൻ ബാലഗോപാൽ**
ധനകാര്യം, ട്രഷറി, ഓഡിറ്റ്, കെഎഫ്സി, സ്റ്റേറ്റ് ഇൻഷുറൻസ്, ലോട്ടറി തുടങ്ങിയവ



**പി രാജീവ്**
വ്യവസായം, നിയമം, മൈനിങ് ആന്റ് ജിയോളജി, ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽ, ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രീസ്, കയർ, കശുവണ്ടി, പ്ലാന്റേഷൻ ഡയറക്ടറേറ്റ്



**പ്രൊഫ. ആർ ബിന്ദു**
ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സർവകലാശാലകൾ (കൃഷി, മൃഗസംരക്ഷണം, മെഡിക്കൽ, ഡിജിറ്റൽ സർവകലാശാലകൾ ഒഴികെ), എൻട്രസ് എക്സാം, എൻസിസി, എഎസ്എപി, സാമൂഹ്യനീതി



**വീണ ജോർജ്**
ആരോഗ്യം, കുടുംബ ക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, മെഡിക്കൽ സർവകലാശാല, ആയുഷ്, ഡ്രഗ്സ് കൺട്രോൾ, വനിതാ ശിശു ക്ഷേമം



**വി ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസം, തൊഴിൽ, ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ്, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ലേബർ കോർട്ട്സ്



**കെ രാജൻ**
റവന്യൂ, സർവേ, ലാന്റ് റെക്കോർഡ്സ്, ഭൂപരിഷ്കരണം



**പി പ്രസാദ്**
കൃഷി, മണ്ണ് സംരക്ഷണം, കാർഷിക സർവകലാശാല, വെയർ ഹൗസിങ് കോർപറേഷൻ



**എ കെ ശശീന്ദ്രൻ**
വനം, വന്യജീവി സംരക്ഷണം



**കെ കൃഷ്ണൻകുട്ടി**
വൈദ്യുതി, അനർട്ട്



**അഡ്വ. ആന്റണി രാജു**
റോഡ് ഗതാഗതം, മോട്ടോർ വെഹിക്കിൾ, ജലഗതാഗതം



**അഹമ്മദ് ദേവർകോവിൽ**
തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുകൾ



**അഡ്വ. പി എ മുഹമ്മദ് റിയാസ്**
പൊതുമരാമത്ത്, ടൂറിസം



**കെ രാധാകൃഷ്ണൻ**
ദേവസ്വം, പിന്നോക്ക ക്ഷേമം, പാർലമെന്ററികാര്യം.



**ജി ആർ അനിൽ**
ഭക്ഷ്യ സിവിൽ സപ്ലൈസ്, ഉപഭോക്തൃകാര്യം, ലീഗൽ മെട്രോളജി



**ചിഞ്ചുറാണി**
ക്ഷീരവികസനം, മൃഗസംരക്ഷണം, മൃഗശാല



**വി എൻ വാസവൻ**
സഹകരണം, രജിസ്ട്രേഷൻ



**റോഷി അഗസ്റ്റിൻ**
ജലവിതരണ വകുപ്പ്, ഭൂഗർഭ ജല വകുപ്പ്



**വി അബ്ദുറഹിമാൻ**
കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം, റെയിൽവെ



**സജി ചെറിയാൻ**
ഫിഷറീസ്, സാംസ്കാരികം, ചലച്ചിത്ര വികസന കോർപറേഷൻ, യുവജനകാര്യം

# ജീവിതം, ഭാഷ, വ്യാകരണം ക്രിയാപാഠങ്ങൾ 4

**മലയാള ഭാഷയെയും വ്യാകരണത്തെയും പരിചയപ്പെടുത്തിക്കൊണ്ട് മുൻ അദ്ധ്യാപകൻ ഡോ. ബി ബാലചന്ദ്രൻ എഴുതുന്ന പരമ്പര**

"അയാൾ അങ്ങനെയൊരു ചോദ്യം അപ്രതീക്ഷിതമാണെന്ന മട്ടിൽ കണ്ണിമയ്ക്കാതെ അവളെ നോക്കി. പൊടുന്നനെ അയാളുടെ ഉള്ളിൽനിന്ന് മാരകമായി മുറിവേറ്റ ഒരു മൃഗത്തിന്റേതെന്നപോലെ അതിദീനമായ ഒരു ശബ്ദമുയർന്നു. അതൊരു നിലവിളിയായി അവിടെയെങ്ങും മുഴങ്ങി. പെൺകുട്ടി സ്തബ്ധയായി നിന്നു. അയാൾ ഇരുകൈകളും ശിരസ്സിൽചേർത്ത് തിരിഞ്ഞോടി, നിലയ്ക്കാത്ത നിലവിളിയോടെ തോരാമഴയിലെങ്ങോ മറഞ്ഞു."

**(തോരാമഴയത്ത്-സി വി ബാലകൃഷ്ണൻ)**

ഇതൊരു നല്ല കഥയാണ്. വായിക്കണേ... അടിവരയിട്ടിരിക്കുന്ന വാക്കുകൾ പൂർത്തിയായ പ്രവൃത്തിയെ കുറിക്കുന്നവയാണല്ലോ; അതായത് പൂർണക്രിയ. അയാളും പെൺകുട്ടിയുമാണ് ക്രിയകളെല്ലാം ചെയ്തത്.

'ആരോ താണ്ടിയ വഴികൾ അവൾക്ക് അവിടെയും പിരിഞ്ഞുകിടന്നു' (യമ).

'പാലം കടക്കുമ്പോൾ പെണ്ണുങ്ങൾമാത്രം കാണുന്നത്' -എന്ന യമയുടെ കഥയിലെ ഹൃദ്യമായൊരവസരത്തിൽ പ്രയോഗിച്ചിരിക്കുന്ന വാക്യമാണ്. 'കിടന്നു'-ഒരവസ്ഥയാണ്. ഇതും ക്രിയതന്നെ, സംശയം വേണ്ട. ഇങ്ങനെ എത്ര എത്ര ക്രിയകളാണ് നാം ദിവസവും ചെയ്യുന്നതും അനുഭവിക്കുന്നതും കാണുന്നതും കേൾക്കുന്നതും വായിക്കുന്നതുമെല്ലാം.

'അതൊരു നിലവിളിയായി അവിടെയെങ്ങും മുഴങ്ങി' -എന്ന വാക്യത്തിലെ 'നിലവിളി'യെ-'അവൾ നിലവിളിച്ചു'-എന്നു മാറ്റി പ്രയോഗിച്ചാൽ പൂർണക്രിയയായി മാറുന്നു. കഥാകാരൻ വിശേഷണാർത്ഥത്തിലാണ് നിലവിളി പ്രയോഗിച്ചിരിക്കുന്നത്. 'മുഴങ്ങി'യെ മുഴക്കമായി പ്രയോഗിച്ചാൽ ക്രിയാ നാമമായിത്തീരും.

'മണിമുഴക്കം മരണദിനത്തിന്റെ മണിമുഴക്കം മധുരം വരുന്നു ഞാൻ'.

**(ഇടപ്പള്ളി രാഘവൻപിള്ള)**

ഈ വരികളിലെ ക്രിയാപദം 'വരുന്നു'. ആണ്; മുഴക്കം നാമപദവും -ക്രിയാനാമം.

'കനലുകളെരിയുന്ന അയാളുടെ മുഖത്തുനിന്നും കണ്ണെടുക്കാൻ ധൈര്യപ്പെടാതെ അവൾ സഞ്ചി കയ്യിലെടുത്തു'.

'കനലുകളെരിയുന്ന മുഖം'-മുഖത്തിന്റെ വിശേഷണമായാണ്, കനലുകളെരിയുന്ന എന്ന പ്രയോഗം നിൽക്കുന്നത്. മുഖത്ത് കനലുകളെരിയുന്നു-എന്നായാൽ അത് പൂർണ ക്രിയാസ്വഭാവത്തിലേക്ക് മാറുകയായി.

പ്രയോഗമാണ് വാക്കിനെ നിർണയിക്കുന്നത്. എവിടെ, എപ്പോൾ, ആര് പ്രയോഗിച്ചു എന്ന അന്വേഷണത്തിന് വലിയ പ്രാധാന്യമുണ്ട്. നമ്മൾ പൂർണക്രിയയെ അഥവാ മുറ്റുവിനയെ പരിചയപ്പെട്ടു. 'വിന' ക്രിയയുടെ പള്ളിക്കൂടത്തിലെ പേരാണെന്ന് കൂട്ടു. 'ചെയ്‌വെന' എന്ന് തിരുവിതാംകൂറിലെ പഴമക്കാർ സാധാരണമായി പ്രയോഗിക്കാറുണ്ട്. ചെയ്ത, തെറ്റായ ക്രിയ എന്ന് വിവക്ഷിതം; അതായത് ദോഷക്രിയ. മുറ്റിയത് എന്നാൽ പാകമായത്, പൂർണമായത് എന്നർത്ഥം.

'അതിനിടയിൽ നജിമുദ്ദീന്റെ കാലുതട്ടി' ഗുരുദാസിന്റെ പേരയ്ക്ക വണ്ടി മറിഞ്ഞുവീണു'.

**(സി വി ബാലകൃഷ്ണൻ)**

'മാമൂൽ' എന്ന കഥയിലേതാണ്. വായിക്കുമെന്ന് പ്രതീക്ഷിക്കട്ടെ. ഈ വാക്യത്തിൽ പൂർണക്രിയ 'വീണു' ആണല്ലോ. അതിന് തൊട്ടുമുമ്പുള്ള ക്രിയ അപൂർണമാണ്. അപൂർണക്രിയയെ പറ്റുവിന എന്നാണ് വിളിക്കുക. പറ്റിനിൽക്കുന്ന ക്രിയ. പൂർണക്രിയയെ, മുറ്റുവിനയെ പറ്റിനിൽക്കുന്ന ക്രിയയാണ് പറ്റുവിന.

'പുസ്തകക്കെട്ടു മറിഞ്ഞു'- ഈ വാക്യത്തിൽ മറിഞ്ഞു, പൂർണക്രിയയാണെന്ന് പറയേണ്ടതില്ലല്ലോ;

മറിഞ്ഞ തടിക്ഷണം നോക്കി അയാൾ ഏറെനേരം നിന്നു'-ഇവിടെ മറിഞ്ഞ എന്ന പദം തടിക്ഷണം എന്ന പേരിനെ-നാമത്തെ-ആശ്രയിച്ചു നില്ക്കുകയാണ്. രൂപം ചെറുതായൊന്നു മാറ്റി മറ്റൊരിടത്ത് സ്ഥാപിച്ചപ്പോൾ വാക്കിന് വേറൊരർത്ഥം കൈവന്നു.

മറിഞ്ഞുവീണു എന്ന പ്രയോഗം നോക്കുക. രണ്ടു വാക്കും പൂർണമാണെന്ന് ഒറ്റനോട്ടത്തിൽ തോന്നും. പക്ഷേ അങ്ങനെയല്ല. ഒരു വാക്യത്തിന്റെ അർത്ഥം പൂർത്തിയാക്കുന്ന ക്രിയയാണ് പൂർണക്രിയ അഥവാ മുറ്റുവിന. ഇവിടെ 'വീണു' ആണ് പൂർണക്രിയ. 'പേരയ്ക്കവണ്ടി വീണുമറിഞ്ഞു' എന്നാണെങ്കിൽ 'മറിഞ്ഞു' ആണ് പൂർണക്രിയ, പ്രധാനക്രിയ; 'വീണു' അപൂർണക്രിയയും.

ഈ ചർച്ചകൾക്കിടയിൽ രണ്ടു പ്രധാന വ്യാകരണകാര്യങ്ങൾ വെളിവായി. മറിഞ്ഞ തടിക്ഷണത്തിലെ, 'മറിഞ്ഞ' എന്ന പദം പേരിനെ ആശ്രയിച്ചുനിൽക്കുന്നു. അതിനെ പെരെച്ചം എന്നാണ് പറയുന്നത്. 'മറിഞ്ഞുവീണു' എന്നതിലെ, മറിഞ്ഞു എന്ന ക്രിയ പൂർണക്രിയയെ ആശ്രയിച്ചുനിൽക്കുന്ന അപൂർണ ക്രിയയാണ്, അതായത് വിനയെച്ചം.

മറിഞ്ഞുവീണു, എന്ന പ്രയോഗത്തിലെ പ്രധാനക്രിയ (വീണു) സംഭവിക്കുന്നതിനുമുമ്പാണ് മറിഞ്ഞു എന്ന ക്രിയ നടക്കുന്നത്. മറിഞ്ഞിട്ടാണല്ലോ വീണത്. അതായത് പ്രധാനക്രിയയ്ക്കുമുമ്പു നടക്കുന്ന വിനയെച്ചമാണ് 'മറിഞ്ഞു'. അതിനെ മുൻവിനയെച്ചം എന്നു പറയുന്നു.

"...തറവാടിന്റെ ഒരു ഭാഗം പൊളിക്കാൻ തീരുമാനിച്ചന്നു മുതൽ, ഈയിടെ മെമ്മറി അടിച്ചുപോയ അമ്മ ഇടയ്ക്കിടെ പറയാറുള്ള പഞ്ച് ഡയലോഗ് മനസ്സിൽ വന്നുകയറാൻ തുടങ്ങി." (വേടൻതൊടി-വി ഷിനിലാൽ)

മലയാളത്തിലെ പുതു തലമുറയിലെ ശ്രദ്ധേയനായ കഥാകൃത്ത് വി ഷിനിലാലിന്റെ 'ബുദ്ധപഥം' എന്ന കഥാസമാഹാരത്തിലെ 'വേടൻ തൊടി'യിൽ നിന്നാണ് ഈ വാക്യം എടുത്തുചേർത്തിരിക്കുന്നത്.

പൊളിക്കാൻ തീരുമാനിച്ചു-ഈ വാക്യത്തിലെ പൂർണക്രിയ, 'തീരുമാനിച്ചു' ആണെന്ന് അറിയാം; പൊളിക്കാൻ അപൂർണക്രിയ (പറ്റുവിന-വിനയെച്ചം) യെന്നും. ഏതു വിനയെച്ച രൂപമാണെന്നറിയാൻ ക്രിയയുടെ കാലം കണ്ടുപിടിച്ചാൽ മതി. മരട് ഫ്ളാറ്റ് പൊളിക്കാൻ തീരുമാനിച്ചശേഷമാണല്ലോ പൊളിക്കുക എന്ന പ്രവൃത്തി നടന്നതെന്ന് നമുക്കറിയാം. അതുപോലെതന്നെയാണ് ഈ വാക്യത്തിലെ തറവാടു പൊളിക്കലും. പൂർണക്രിയയ്ക്കു ശേഷം നടക്കുന്ന (പിൻപ് നടക്കുന്നത്) വിനയെച്ചമാണ് -പിൻ വിനയെച്ചം.

"കാണെ കാണെ വയസ്സാവുന്നു.
മക്കൾക്കെല്ലാമെന്നാലമ്മേ
വീണക്കമ്പികൾ മീട്ടുകയല്ലീ
നവതാരുണ്യം നിൻതിരുവുടലിൽ"

**(ഒ.എൻ.വി)**

ഭൂമിയെക്കുറിച്ചുള്ള ഒ.എൻ.വിയുടെ കവിതയിലെ വരികളാണ്.

വയസ്സാവുന്നു, പൂർണക്രിയയാണല്ലോ. കാണെ, പറ്റുവിന അഥവാ വിനയെച്ചം. ഇവിടെ കാണെ എന്ന അപൂർണക്രിയ പൂർണക്രിയയുടെ അതേകാലത്ത് നടക്കുകയാണ്. തൽകാലത്ത് നടക്കുന്നതിനാൽ തൻ വിനയെച്ചം എന്നുവിളിക്കുന്നു.

ഉദാ: നോക്കിനിൽക്കെ/നോക്കിനിൽക്കവെ മരം വീണു.

യാത്രക്കാരാ പോവുക പോവുക
ജീവിതയാത്രക്കാരാ...

**(പഴയ സിനിമാഗാനം)**

പോവുക എന്ന ക്രിയാരൂപത്തിന് ഉപാധികളൊന്നുമില്ല. ഏതുകാലമെന്നോ പ്രകാരമെന്നോ മനസ്സിലാക്കാനാകാത്ത, അ, ക, ഉക എന്നീ പ്രത്യയങ്ങൾ ചേർന്നുവരുന്ന ഈ ക്രിയയെ നടുവിനയെച്ചമെന്ന് വിളിക്കാം.

'നാടു പൊലിക
പന്തൽ പൊലിക
പൊലിക... പൊലിക...
പൊലിക... പൊലിക...

ഈ നാടൻപാട്ടിലെ 'പൊലിക' എന്ന ക്രിയ നടുവിനയെച്ച രൂപമാണ്.

നമിക്കിലുയരാം
നടുകിൽ തിന്നാം
നല്കുകിൽ നേടീടാം
(പ്രേമസംഗീതം-ഉള്ളൂർ മഹാകവി)

നമിച്ചാലേ ഉയരാനാകു എന്ന തരത്തിൽ ഒരു നിബന്ധനയുടെ ഇടപെടൽ നമിക്കിലുയരാം (നമിക്കിൽ-ഉയരാം) എന്ന പ്രയോഗത്തിലുണ്ട്. തിന്നാം പക്ഷേ നടണം. ഇങ്ങനെ 'ഇൽ', 'കിൽ', 'ഉകിൽ' എന്നീ പ്രത്യയങ്ങൾ ചേർത്തുണ്ടാക്കുന്ന ക്രിയാരൂപമാണ് പാക്ഷിക വിനയെച്ചം.

**ഈ അധ്യായത്തിന്റെ ചുരുക്കം**

ക്രിയ-ഒരു വ്യക്തിയോ വസ്തുവോ കഴിയുന്ന അവസ്ഥയും ചെയ്യുന്ന പ്രവൃത്തിയുമാണ്.

ക്രിയകൾ പ്രാധാന്യംകൊണ്ട് രണ്ട്; മുറ്റുവിനയും പറ്റുവിനയും.

മുറ്റുവിന, പൂർണക്രിയയും പറ്റുവിന, അപൂർണക്രിയയുമാണ്.

പറ്റുവിന പേരെച്ചമെന്നും വിനയെച്ചമെന്നും രണ്ടു വിഭാഗങ്ങളില്പെടുന്നു.

പേരിനെ ആശ്രയിച്ചുനില്ക്കുന്നത് പേരെച്ചം; വിനയെ-ക്രിയയെ-ആശ്രയിച്ചുനില്ക്കുന്നത് വിനയെച്ചവും.

വിനയെച്ചങ്ങളെ മുൻ-പിൻ-തൻ-നടു-പാക്ഷികമെന്ന് അഞ്ചു വിഭാഗങ്ങളാക്കാം.

മുമ്പ്, പിമ്പ്, തൻ, കാലഭേദമില്ലാതെ, നിബന്ധനയോടെ-എന്നീ വകഭേദങ്ങളിൽ പ്രവർത്തിക്കുന്ന അപൂർണക്രിയാ രൂപങ്ങളാണ് യഥാക്രമം മുൻ-പിൻ-തൻ-നടു-പാക്ഷിക വിനയെച്ചങ്ങൾ.

"അവൾ കുറെ ദൂരെമാറി ഒരു പരന്ന കല്ലിൽ കിടന്നു. ഞാൻ ഒന്നും ചോദിച്ചില്ല. ഒന്നും പറഞ്ഞുമില്ല. അമ്മയുടെ ഹൃദയം. കുഞ്ഞുസ്നേഹം. ശബ്ദങ്ങൾ. ഞാൻ ശബ്ദങ്ങൾ കേട്ടുകൊണ്ടിരുന്നു. എന്റെ കണ്ണുകൾ നിറഞ്ഞ് ഒഴുകിക്കൊണ്ടിരുന്നു. ഹൃദയം ആയിരം കഷണങ്ങളായി മുറിഞ്ഞുപോയതായി എനിക്കുതോന്നി. ഞാൻ കിടന്നു. ലോകമേ, ഞാൻ കിടന്നു."

**(ശബ്ദങ്ങൾ-വൈക്കം മുഹമ്മദ് ബഷീർ)**

ഈ ഭാഗത്തിലെ ക്രിയായോഗം ശ്രദ്ധിക്കൂ. ചില വാക്യങ്ങളിൽ ക്രിയ ചേർത്തിട്ടില്ല, നമുക്ക് പൂരിപ്പിക്കാൻ വിട്ടിരിക്കുന്നു. 'കിടന്നു' എന്ന ക്രിയ, കഥാഭാഗത്ത് ആഴത്തിൽ സഞ്ചരിക്കുകയാണ്. ●

# ENRICH YOUR GK

**Rajeshkumar S**

1. Which Ministry is responsible for calculating GDP in India?
a. Ministry of Finance
b. Ministry of Commerce and industry
c. Ministry of Central Statistical and Programme Implementation
d. Ministry of Consumer Affairs
2. Which State of India currently has the highest Per Capita income ?
a. Goa b. Punjab
c. Kerala d. Delhi
3. If the contribution of the agricultural sector is decreasing in a Country's Economy, then what conclusion can be drawn?
a. The Country is growing in the direction of being a Developed Nation
b. The Country is moving towards becoming Developing Nation
c. The Country is moving towards becoming less Developed Nation
d. The Economic Growth rate of the Country has stopped
4. Which is not added in the calculation of National Income of India?
a. The value of Goods and Services
b. The sold value of the old fridge
c. Services rendered by the housewive's
d. both b and c
5. Which Indian State gives highest income tax collection to the Government of India?
a. Kerala b. Uttar Pradesh
c. Goa d. Maharashtra
6. The value of which work is added in the calculation of GDP?
a. Housewive's works
b. A teacher teaching his own child
c. The value of resale of old shares
d. Construction of a new house by an artisan
7. What is the base year for calculating India's GDP ?
a. 2004-05 b. 2011-12
c. 2010-11 d. 2014-15
8. Which of the following statement is correct ?
a. GDP at factor cost = Net Value Addition +Depreciation
b. GDP at factor cost = Net Value Addition - Depreciation
c. GDP at factor cost= Net Price Increases+ indirect tax
d. GDP at factor cost = Net Price Increase + direct tax
9. The total amount of Income from economic activities across the country in a year is called .............
a. Personal Income
b. Disposable Income
c. National Income
d. Private Income
10. Which of the following is not a method to calculate the Gross Domestic Product (GDP)?
a. Product Method b. Income Method
c. Expenditure Method d. Diminishing Cost Method
11. Why are the intermediate goods not included in the National Income while measuring National Income?
a. To avoid double counting
b. It decreases income
c. Intermediate goods are not good
d. All of these
12. Which one is included in National Income?
a. Rent, Wages, Interest
b. Rent, Wage, Salary
c. Rent, Profit, Interest
d. Rent, Wage, Salary, Interest, Profit
13. Which one is included in Primary Sector?
a. Land b. Forest
c. Mining d. All these
14 . Which one is included in the calculation of national income?
a. New Final Goods and Services
b. Earned income of Indian Companies in Abroad
c. Expenses made by Foreign Tourists in the Country
d. All the above
15. Who is the current CEO of the NITI Aayog?
a. Rajeev Kumar b. Narendra Modi
c. Arvind Subramanyan d. Amitabh Kant
16. Which of the following statement is /are correct about NITI Aayog ?
1. The aim of NITI Aayog is to achieve Sustainable Development Goals and to enhance Co-operative Federalism in the Country
2. The Prime Minister of India is the ex - officio Chairman of NITI Ayog
3. There are five full time members and two part time members in NITI Ayog
a. 1 and 2 only b. 2 and 3 only
c. 1 and 3 only d. 1, 2 and 3
17. Which of the following is the part of Governing Council of NITI Aayog?
a. All Chief Ministers of the States
b. Chief Ministers of Delhi and Puducherry
c. Lieutenant Governor of Andaman and Nicobar Island
d. All of the above
18. Which of the following is NOT the function of NITI Aayog?
a. To evolve a shared vision of national development priorities sectors and strategies
b. To foster Co-operative federalism
c. To give final approval to the five year plans of India
d. To create a knowledge, Innovation and entrepreneurial support system
19. NITI Aayog has a Memorandum of Understanding with which country for building capacities in implementation of the Urban Rejuvenation Mission ?
a. Singapore b. Sweden
c. USA d. Australia
20. Who has launched the `Grand Innovation Challenge'?
a. PMO
b. Ministry of Science and Technology
c. NITI Aayog
d. Atal Innovation Programs
21. Which of the following are areas identified by NITI Aayog to engage in?
1. Land leasing 2. Land acquisition
3. Land titling 4. Right to Education Act
a. 2 and 4 b. 1, 2, 3
c. 1 , 3, 4 d. All the above
22. Name the court to which a consumer can approach, having a claim of Rs 40 lakhs
a. National Consumer Court
b. State Consumer Court
c. District Consumer Court
d. None of the above
23. Which of the following statements is /are correct about COPRA 1986 ?
1. National level Consumer Court hears cases amounting to more than Rs 1 crore
2. State level Consumer Court hears cases amounting less than Rs 1 crore
3. District level Consumer Court hears cases amounting upto Rs 20 lakhs
a. 1 and 2 b. 1 and 3
c. 1,2 and 3 d. 2 and 3
24. Consumers International was created by
a. UNESCO b. UN
c. UNICEF d. World Bank
25. Marketing of Goods and Services which are hazardous to life and property is covered under
a. right to be protected b. right to be assured
c. right to seek redressal d. right to be informed
26. Which one of the following does not provide certificate of standardisation in India?
a. ISI b. Agmark
c. Hallmark d. COPRA
27. To protect themselves what do consumers need?
a. Consumer Forums
b. Consumer Protection Councils
c. Consumer movement
d. Consumer awareness
28. Which mark should you look for while buying honey?
a. ISI b. ISO
c. Agmark d. BIS
29. The organisation which lays down standards of products at the International level is called
a. ISI b. ISRO
c. ISO d. WCF
30. Consumer Protection Act is significant to
a. Movable goods b. Immovable goods
c. Particular goods and services
d. All Goods and Services
31. How many rights does a Consumer have under the Consumer Protection Act?
a. 8 b. 6
c. 4 d. 5
32. Within how many days the opposite party has to answer after they are informed about the complaint under COPRA?
a. 30 b. 5
c. 20 d. 15
33. Who presented India's first - ever Budget?
a. James Wilson b. Jawaharlal Nehru
c. Lord Mountbatten d. Rajagopalachari
34. How many times Nirmala Sitharaman presented the Budget in Parliament ?
a. 2 b. 3
c. 4 d. 5
35. According to the Union Budget 2020-21 how much amount is allocated for COVID Vaccine?
a. 20,000 crore b. 15,000 crore
c. 25,000 crore d. 35000 crore
36. India budget is also known as
a. Mini budget b. Vote on Account
c. Both a and b d. none of these
37. Which Article of the Constitution envisages budget?
a. Article 280 b. Article 110
c. Article 360 d. Article 112
38. When expenditure exceeds total tax revenue it is called
a. Surplus budget b. Balanced budget
c. Deficit budget d. None of these
39. A duty levied on goods when they are entering a town
a. Income Tax b. Octroi
c. Agricultural tax d. Professional tax
40. Gender Budgeting started in India with the Union Budget of
a 1991 - 92 b. 2001 -02
c. 2005 - 06 d. 2010-11
41. Gift tax was introduced in the year
a. 1958 b. 1959
c. 1960 d. 1961
42. Fiscal Policy is the policy of
a. RBI b. NABARD
c. Government d. All the above
43. Service tax in India was introduced in
a. 1991 - 92 b. 2001 - 02
c. 2006 - 07 d. 1994 - 95
44. Which of the following is a measure of fiscal policy?
a. Public expenditure b. CRR
c. SLR d. Bank Rate
45. The Wanchoo Committee (1971) probed into
a. Direct taxes b. Indirect taxes
c. Agricultural holding tax d. non - tax revenue
46. The Finance Commission does all the following functions except one, which is that ?
a. Works out allocation of taxes in the divisible pool
b. Looks into financial relations between centre and States
c. Allocates grant- in- aid to the States and Union Territories
d. Assist the Planning Commission in making Five Year Plans
47. Which of the following is the highest Tax slab of GST ?
a. 12% b. 18%
c. 20% d. 28%
48. GST is a type of which of the following?
a. Direct tax b. Indirect tax
c. It depends on the Goods and Services
d. It depends on the associate States
49. Who among the following was appointed the head of the first committee to design a GST model?
a. Vijay Kelkar b. Asim Dasgupta
c. Pranab Mukherjee d. V P Singh
50. Which type of GST will be applicable for the interstate supply of Goods?
a. CGST b. IGST

c. SGST d. None of the above

51. What is the full form of ISD which is related to GST?
 a. Input Service Distributor b. Indian Standard Data
 c. Income Strength Distribution
 d. Inter State delivery
52. Who among the following was the Chairperson of the Provincial Constitution Committee of the Constituent Assembly ?
 a. Jawaharlal Nehru b. Sardar Vallabhai Patel
 c. Dr. B R Ambedkar d. J B kripalani
53. Who among the following headed the Advisory Committee on Fundamental Rights Minorities and Tribal and Excluded Areas, a Committee under the Constituent Assembly?
 a. Jawaharlal Nehru b. Vallabhai Patel
 c. H. C. Mukherjee d. Maulana Azad
54. Who among the following was the Constitutional Advisor to the Constituent Assembly?
 a. Sachidananda Sinha b. B. N. Rao
 c. H. N. Kunzuru d. V. N. Menon
55. On which date Indian Constitution was finally signed by the members of the Constituent Assembly?
 a. January 24, 1950 b. January 26, 1950
 c. January 24, 1949 d. November 26, 1949
56. Who among the following was the first President of Constituent Assembly of India?
 a. Dr Sachidananda Sinha b. Dr Rajendra Prasad
 c. Dr B R Ambedkar d. H C Mukherjee
57. Which of the following words is NOT included in the Preamble of the Constitution of India?
 a. Equality b. Liberty
 c. Sanctity d. Justice
58. Till now the Preamble of Constitution of India has been amended for how many times?
 a. Never b. Once
 c. Twice d. Thrice
59. The language and ideals of the Preamble of Constitution of India is influenced /borrowed from which of the following Constitutions?
 1. USA 2. France
 3. Australia
 Select the correct option from the codes given below.
 a. Only 1 and 2 b. Only 2 and 3
 c. only 1 and 3 d. 1, 2 and 3
60. The ideals of Liberty, Equality and Fraternity in the Preamble are borrowed from the Constitution of which country?
 a. French Constitution b. Australian Constitution
 c. British Constitution d. USSR Constitution
61. The Constitution of India derives its ultimate authority from
 a. Supreme Court of India b. Parliament of India
 c. People of India
 d. Constituent Assembly of India
62. In which year Parliament passed the Citizenship Act?
 a. 1950 b. 1955
 c. 1960 d. 1965
63. For how many years, a person of Indian Origin must have been an ordinary resident of India before making application towards getting citizenship by registration ?
 a. 3 Years b. 5 Years
 c. 7 Years d. 10 Years
64. Which of the following are the conditions for acquiring Indian citizenship ?
 a. Domicile and Descent
 b. Domicile, Descent and Registration
 c. Domicile, Descent, Registration and Holding property
 d. None of the above
65. Which among the following Article deals with the rights of Citizenships of certain persons of Indian Origin residing outside of India ?
 a. Article 6 b. Article 7
 c. Article 8 d. Article 9
66. The Mandal Commission was constituted during the tenure of which among the following Prime Ministers?
 a. Morarji Desai b. Indira Gandhi
 c. Rajiv Gandhi d. V P Singh
67. Supreme Court has made Right to Free Education as the part of which among the following rights?
 a. Right to life
 b. Right against exploitation
 c. Right to freedom of speech and expression
 d. Cultural and Educational Rights
68. Which among the following Article of the Constitution of India says that all public places are open to all Citizens?
 a. Article 16 (2) b. Article 17
 c. Article 18 d. Article 15 (2)
69. Which among the following authorities decided how far the fundamental rights can apply to the members of the armed forces in India?
 a. President of India b. Parliament of India
 c. Arms Forces themselves d. Arms Forces Tribunal
70. Which among the following is correct regarding Directive principles?
 a. Positive Injunctions b. Negative Injunctions
 c. Justifiable Injunctions d. None of the above
71. Which among the following committee recommended to setup an Equal Opportunity Commission?
 a. Sarkaria Commission b. Sachar Committee
 c. Bhagawati Committee d. Chawla Committee
72. Which of the following Articles under Part IV (Article 36-51) contain the Directive Principles of State Policy that include scope of Gandhian Principles?
 a. Article 40, 43, 44 b. Article 47 only
 c. Article 40, 47, 48 d. Article 50 only
73. Which one of the following statements are incorrect with respect to Fundamental Duties?
 a. They can be promoted only by constitutional methods
 b. They can be enforced by writs.
 c. They can used for interpreting ambiguous statutes
 d. The performance of any particular duty comes within the sphere of constitutional law which court has to decide.
74. Which among the following is NOT a Fundamental Duty of a citizen?
 a. Respect for the National Flag
 b. Respect for the government
 c. Respect for the Constitution
 d. Respect for the National Anthem
75. Protection of Wildlife comes under which of the following in constitution of India?
 1. Fundamental Duties
 2. Directive Principles
 3. Seventh schedule
 Select the correct answer from the codes given below.
 a. Only 1 and 2 b. Only 2 and 3
 c. Only 1 and 3 d. 1,2 and 3

## Answers

1 (c) 2 (a) 3 (a) 4 (d) 5 (d) 6 (d) 7 (b) 8 (a) 9 (c) 10 (d) 11 (a) 12 (d) 13 (d) 14 (d) 15 (d) 16 (d) 17 (d) 18 (c) 19 (a) 20 (c) 21(c) 22 (b) 23 (c) 24 (b) 25 (a) 26 (d) 27 (d) 28 (c) 29 (c) 30 (d) 31 (b) 32 (a) 33 (a) 34 (b) 35 (d) 36 (c) 37 (d) 38 (c) 39 (b) 40 (c) 41 (a) 42 (c) 43 (d) 44 (a) 45 (a) 46 (d) 47 (d) 48 (b) 49 (b) 50 (b) 51 (a) 52 (b) 53 (b) 54 (b) 55 (a) 56 (a) 57 (c) 58 (b) 59 (d) 60 (a) 61 (c) 62 (b) 63 (c) 64 (b) 65 (c) 66 (a) 67 (a) 68 (d) 69 (b) 70 (a) 71 (b) 72 (c) 73 (b) 74 (b) 75 (d)

(പേജ് 5-ൽ നിന്ന്)

ഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

(ii) ഹിസ്റ്ററി, ഇക്കണോമിക്സ്, ജ്യോഗ്രഫി, പൊളിറ്റിക്സ്, കൊമേഴ്സ്, ഫിലോസഫി, മ്യൂസിക്, സോഷ്യോളജി ഇവയിലേതെങ്കിലും ഐച്ഛിക വിഷയമായെടുത്ത് ബിരുദം സമ്പാദിച്ചിരിക്കണം.

(iii) ബി കോം ബിരുദവും ബി എഡ് കോമേഴ്സ് യോഗ്യതയുമുള്ളവരെ ടി തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(iv) റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(v) മൈസൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നൽകുന്ന ബി എ എഡ് (സോഷ്യൽ സ്റ്റഡീസ്, ഇംഗ്ലീഷ്) ഇന്റഗ്രേറ്റഡ് കോഴ്സ് നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. (GO(Rt) No: 2135/2019/G Edn തീയതി 04/06/2019)

(vi) ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ബി.എഡ്/ബി.റ്റി യോഗ്യതയുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിയ്കാവുന്നതാണ്.

(vii) എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനത്തിന് താഴെ പറയുന്ന യോഗ്യതകളും സ്വീകാര്യമാണ്.

a) ഇസ്ലാമിക് ഹിസ്റ്ററി, ഉറുദു എന്നിവ ഡബിൾ മെയിനായുള്ള ബി.എ ഡിഗ്രിയും, സോഷ്യൽ സ്റ്റഡീസിലുള്ള ബി.എഡ് യോഗ്യതയും

**അല്ലെങ്കിൽ**

b) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ജനറൽ ഇക്കണോമിക്സും ഇൻഡ്യൻ ഹിസ്റ്ററിയും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി.എഡ് യോഗ്യതയും

**അല്ലെങ്കിൽ**

c) ഇസ്ലാമിക് ഹിസ്റ്ററിയും അറബിയും മെയിനായുള്ള ബി.എ ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി.എഡ് യോഗ്യതയും

(മുകളിൽ a, b, c എന്നിവ GO(MS)No.254/90/G.Edn തീയതി 05.12.1990 പ്രകാരം)

**അല്ലെങ്കിൽ**

d) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ജനറൽ ഇക്കണോമിക്സും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി.എഡ് യോഗ്യതയും (GO(MS)No.21/94/G.Edn തീയതി 21.02.1994)

**അല്ലെങ്കിൽ**

e) ഇസ്ലാമിക് ഹിസ്റ്ററിയും അറബിയും മെയിനായുള്ള ബി.എ ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി.എഡ് യോഗ്യതയും

**അല്ലെങ്കിൽ**

f) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ഇൻഡ്യൻ ഹിസ്റ്ററിയും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും ഹിസ്റ്ററിയിലോ സോഷ്യൽ സ്റ്റഡീസിലോ ഉള്ള ബി.എഡ് യോഗ്യതയും

**അല്ലെങ്കിൽ**

g) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും പൊളിറ്റിക്കൽ സയൻസും ജനറൽ ഇക്കണോമിക്സും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി.എഡ് യോഗ്യതയും

**അല്ലെങ്കിൽ**

h) ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ഔട്ട് ലൈൻസ് ഓഫ് ഇൻഡ്യൻ കൾച്ചർ ആന്റ് ഫ്രീഡം മൂവ്മെന്റും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി.എഡ് യോഗ്യതയും

(മുകളിൽ e, f, g, h എന്നിവ GO(MS)No.327/2001/G.Edn തീയതി 07.11.2001 പ്രകാരം)

(viii) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും, ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം

(ix) ഈ തസ്തികയ്ക്ക് എഴുത്ത് (വിവരാണാത്മക/ഒ.എം.ആർ) പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്. (OMR ഉത്തരകടലാസ് സംബന്ധിച്ച് ഉത്തരങ്ങൾ എഴുതുന്നതിനുപകരം നിർദ്ദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.)

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(I) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/എഡ്യു. തീയതി 27/05/1966]

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞ പക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനക്കാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.എസ്) നം 315/62 എഡ്യു. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) നമ്പർ 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975)

(iv) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) നമ്പർ 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) നമ്പർ 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ വെയിറ്റേജ് ആന്റ് പ്രിഫറൻസ്സ് ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 കാണുക). ●

# OBJECTIVE CURRENT AFFAIRS

1. Who has been crowned Miss Universe for the year 2020?
a) Andrea Meza b) Julia Gama
c) Janick Maceta d) Adline Castelino
2. Who has developd the new anti-Covid drug 2-DG (2-deoxy-D-glucose)?
a) ICMR b) DRDO
c) ISRO d) Bharat Biotech
3. NASA's ORIRIS-REX spacecraft has begun its 2 year journey back to Earth after collecting samples from which asteroid?
a) Juno b) Ceres
c) Bennu d) Vesta
4. The space agency of which country has recently released the images of the "The Lost Galaxy" of the Virgo cluster?
a) US b) India
c) Japan d) China
5. Which Union Ministry organises the 'Bharat Parv' event every year on the occasion of Repubic Day celebrations?
a) Ministry of Home Affairs b) Ministry of Tourism
c) Ministry of Defence
d) Ministry of Women and Child Development
6. Cornwall, the host of 2021-G7 summit is located in which country?
a) Brazil b) United Kingdom
c) Italy d) Switzerland
7. Which state amended Lokayukta bill to make retired High Court Judges also eligible for the post of Lokayukta ?
a) Andhra Pradesh b) West Bengal
c) Odisha d) Goa
8. What is Abell 370, whose picture was recently shared by the NASA?
a) Galaxy cluster b) Meteor
c) Blackhole d) Exoplanet
9. Which risk has been ranked at the first place as 'Top Risk by impact' by the World Economic Forums Global Risks Report 2021?
a) Infectious Diseases b) Extreme Weather
c) Weapons of Mass Destruction
d) Climate Action failure
10. Who is the author of the book titled "The making of Aadhaar: World's Largest Identity platform"
a) Ram Sewak Sharma b) Nandan Nilekani
c) A K Sikri d) Kris Gopalakrishnan
11. Where is the headquarters of the 'National AIDS Control Organisation (NACO)' located?
a) Mumbai b) Delhi
c) Hderabad d) Kolkata
12. Indian-American Dr. Raj Iyer, has been named the first chief Information Officer of the army of which country?
a) USA b) Singapore
c) UK d) Japan
13. Which research body has organised the National Metrology Conclave 2021?
a) DRDO b) ISRO
c) CSIR d) IIT Bombay
14. 'Adopt a Heritage' is a scheme implemented by Ministry of Tourism in association with which Union Ministry?
a) Ministry of Home Affairs b) Ministry of Tribal Affairs
c) Ministry of Culture
d) Ministry of Road Transport and Highways
15. Which country holds the presidency of the 2021 United Nations climate change conference (COP-26)?
a) India b) United Kingdom
c) Brazil d) Japan
16. Which airport is set to be renamed as Maryada Purushottam Sriram Airport?
a) Ayodhya b) Varanasi
c) Haridwar d) Lucknow
17. The Dhubri Phulbari bridge is to built over which river?
a) Brahmaputra b) Narmada
c) Lohit d) Teesta
18. Where is the headquarters of the Indian Drugs & Pharmaceuticals Ltd located?
a) Gurgaon b) Hyderabad
c) Jaipur d) Bengaluru
19. What is the theme of the 'Safer Internet Day 2021'?
a) Cybercrime control b) Digital Globe
c) Together for a better internet
d) Secure Financial Transactions
20. Which country has test fired surface to surface cruise missile named 'Babar'?
a) Pakistan b) Bangladesh
c) UAE d) Afghanistan
21. 'World Sustainable Development Summit' is organised by which institution?
a) UNDP b) NITI Aayog
c) The Energy and Resources Institute
d) World Economic Forum
22. What is India's rank in Corruption perception Index (CPI)-2020?
a) 56th b) 70th
c) 86th d) 78th
23. Who is the Vice Chief of Army Staff in India?
a) C P Mohanty b) M M Naravane
c) Yogesh Kumar Joshi d) Anil Chauhan
24. What is the theme of the 'World Wetlands Day 2021'?
a) Save Wetlands b) Wetlands and water
c) Wetlands for us d) Wetlands and Covid-19
25. Which Indian film won the 'Best Feature Film' award in the 67th National Film Awards?
a) Marakkar: Lion of the Arabian sea
b) Asuran
c) Jersey d) Biriyani
26. Pritzker Prize is associated with which field?
a) Literature b) Journalism
c) Architecture d) Science and Technology
27. Prime Minister of India launched the celebration of 75 years of Independence 'The Azadi Ka Amrit Mahotsav' from which venue?
a) Raj Ghat b) Sabarmati Ashram
c) Statue of Unity d) Shakti Sthal
28. 'Food waste Index Report 2021' was published by which organisation?
a) FAO b) UNEP
c) UNESCO d) UNICEF
29. Which organisation successfully demonstrated the Solid Fuel Ducted Ramjet (SFDR) Technology?
a) HAL b) DRDO
c) BHEL d) OFB
30. What is the theme of the International Women's Day 2021?
a) Women in leadership Achieving an equal future in a Covid-19 world
b) Educate Organise and Agitate
c) Impact on Covid-19 on women
d) Gender Equality: March against Patriarchy
31. Which Badminton player won gold medal BWF Swiss open super 300 Tournament?
a) Caroline Marin b) Saina Nehwal
c) P V Sindhu d) Naomi Osaka
32. As per the new Information Technology (Intermediary Guidelines and Digital media Ethics code) Rules-2021, digital platforms will have to provide required information within how many hours?
a) 48 hours b) 24 hours
c) 12 hours d) 72 hours
33. What does 'ct' indicate in RTPCR examination?
a) Computed Topography b) Computed Tomography
c) Cerebral Typography d) Cycle Threshold
34. Priyanka Mohite from Satara in Maharashtra became the first Indian woman to scale Mt. Annapurna. It is located in which country?
a) Nepal b) India
c) China d) Bangladesh
35. 'World Economic Outlook' is an annual flagship report of which organisation?
a) International Monetary Fund
b) Asian Development Bank c) World Bank
d) United Nations Development Program.
36. Mitali Express connects Dhaka with which Indian City?
a) New Jalpaiguri b) Gangtok
c) Guwahati d) Kolkata
37. What is the name of the farthest gammaray emitting galaxy that has been discovered recently?
a) Skyway b) Milk Line
c) Andromeda d) Narrow-Line seyfert-1.
38. 'SARTHAQ' is an implementation plan related to which policy?
a) New Education Policy b) Agriculture Laws
c) Public Sector Enterprises Policy
d) Environment Impact Assessment
39. Who has been appointed as the new Chief Election Commissioner of India?
a) Injeti Srinivas b) Ajay Kumar Bhalla
c) Prasanna Chandra d) Sushil Chandra
40. Which institution released a report titled 'My Body is My Own'?
a) World Bank b) U N Women
c) UNFPA
d) Bill & Malinda Gates Foundation
41. Indo-German project 'Pyrasol' is associated with which field?
a) Urban Waste Management
b) Reduce Carbon Emission
c) Improve Nutrition in Women
d) Eradication of Malaria
42. Project DANTAK is the flagship project of Boarder Roads organisation to construct motorable roads in which country?
a) Nepal b) Bhutan
c) Myanmar d) Bangladesh
43. Who has been appointed as the Acting Chairperson of the National Human Rights Commission (NHRC)?
a) P K Mishra b) S A Bobde
c) A K Sikri d) P C Pant
44. What is 'Mayflower 400', which was making news recently?
a) Solar Probe b) Vaccine Delivering Robot
c) Mining Robot
d) Wold's first Artificial Intelligence ship
45. Nehru Zoological park, where Asiatic Lions were tested covid positive is situated in which state?
a) Gujarat b) Karnataka
c) Telangana d) West Bengal
46. Which aerospace company has announced the "DOGE-1 Mission" to the Moon?
a) NASA b) JAXA
c) Space X d) Blue Origin
47. Who won the Spanish Grand Prix 2021 Tournament?
a) Max Verstappan b) Lewis Hamilton
c) Sebastian Vettel d) Charles Leclerc
48. Which institution has setup a dedicated portal-CovAid, to track aid coming from individual organisations?
a) NITI Aayog b) ICMR
c) Supreme Court of India d) Give India Foundation
49. The Reserve Bank of India has announced its second Tranche of Open Market Purchase of G-Sec under G-sec Acquisition programme for how much amount?
a) Rs.25,000 crore b) Rs.35,000 crore
c) Rs.20,000 crore d) Rs.50,000 crore
50. Indian Origin Anil Soni was appointed as the Ist CEO of which Organisation?
a) WHO Foundation b) IMF
c) World Bank d) UNESCO

## ANSWERS

1 (a), 2 (b), 3 (c), 4 (a), 5 (b), 6 (b), 7 (d), 8 (a), 9 (a), 10 (a), 11 (b), 12 (a), 13 (c), 14 (c), 15 (b), 16 (a), 17 (a), 18 (a), 19 (c), 20 (a), 21 (c), 22 (c), 23 (a), 24 (b), 25 (a), 26 (c), 27 (b), 28, (b), 29 (b), 30 (a), 31 (a), 32 (d), 33 (d), 34 (a), 35 (a), 36 (a), 37 (d), 38 (a), 39 (d), 40 (c), 41 (a), 42 (b), 43 (d), 44 (d), 45 (c), 46 (c), 47 (b), 48 (a), 49 (b), 50 (a)

# LANGUAGE CORNER

**ഇംഗ്ലീഷ്, മലയാളം ഭാഷകളിലെ വ്യാകരണ ശൈലിയിലും അതിന്റെ പ്രയോഗങ്ങളിലുമുള്ള വൈകല്യങ്ങളെ ലളിതമായി അനാവരണം ചെയ്യുന്ന പംക്തി**

**അരുൺ ജി മംഗലത്ത്, ഷിബു എ എസ്**

## English made easy 25

### Degrees of comparison (contd...)

Adjectives, adverbs എന്നിവയുടെ positive/comparative/superlative degrees രൂപംകൊള്ളുന്നതും അവയുടെ പ്രത്യേകതകളുമെല്ലാം കഴിഞ്ഞ ലക്കത്തിൽ പരിശോധിച്ചിരുന്നുവല്ലോ. ഇനി ഒരു degree യിൽനിന്നും മറ്റൊന്നിലേക്കും തിരിച്ചും ഇവയ്ക്കുള്ള conversions ആണ് നോക്കാനുള്ളത്.

മത്സരപരീക്ഷകളിൽ ചോദിക്കുന്ന മാതൃകകളുടെ അടിസ്ഥാനത്തിൽ നമുക്ക് ഇവയെ മനസ്സിലാക്കുകയും വിശകലനംചെയ്യുകയുമാവാം.

**I. Posititive Degree**

രണ്ടു nouns/facts തമ്മിൽ തുലനപ്പെടുത്തി (equal valuation) പറയേണ്ടിവരുമ്പോളാണ് positive degree ഉപയോഗിക്കുന്നത്.

Eg: 1. Bindu's beauty is as equal as Sindhu's.

2. He is not so good in studies as Vishnu.

ഇവിടെ ആദ്യത്തെ ഉദാഹരണത്തിൽ Bindu വിന്റെയും Sindhu വിന്റെയും beauty equal ആണെന്നാണു വിവക്ഷ. Equal എന്ന positive degree ആണുപയോഗിച്ചിരിക്കുന്നത്. ഈ degree ക്കു മുമ്പിലും ശേഷവും as ഉപയോഗിച്ചിരിക്കുന്നു.

രണ്ടാമത്തെ sentence ൽ He യെയും Vishnu വിനെയും തുലനപ്പെടുത്തുന്നത് good എന്ന positive degree ഉപയോഗിച്ചാണ്. Sentence negative ആയതിനാൽ degree ക്കു മുമ്പിലും ശേഷവുമായി so..... as.... ഉപയോഗിച്ചിരിക്കുന്നു.

Cue : positive degree പ്രയോഗിക്കുമ്പോൾ സാധാരണ ഗതിയിൽ affirmative (positive) sentences ൽ degree ക്കു മുമ്പിലും പിന്നിലുമായി as..... as..... ചേർക്കുമ്പോൾ negative sentences ൽ so..... as..... ആണുപയോഗിക്കുന്നത്.

**II. Comparative Degree**

രണ്ടു nouns/facts തമ്മിൽ ഒന്നിനെ മറ്റൊന്നിനോടു compare (താരതമ്യം) ചെയ്യേണ്ടിവരുമ്പോളാണ് comparative degree ഉപയോഗിക്കുക.

Eg: 1. Bindu is more beautiful than Sindhu.

2. He is better than any other students in the class.

ഇവിടെ ഒന്നാമത്തെ ഉദാഹരണത്തിൽ Sindhu വിനെക്കാൾ കൂടുതൽ beautiful Bindu വാണെന്നു compare ചെയ്തിരിക്കുന്നു. രണ്ടാമത്തെ sentence ൽ any other students in the class നെക്കാൾ He മെച്ചപ്പെട്ടവൻ (better) എന്നും compare ചെയ്തിരിക്കുന്നു.

Cue: ഇത്തരം sentences ൽ comparative degree ക്കുശേഷം than ചേർത്തിരിക്കുന്നു.

**III. Superlative Degree**

രണ്ടോ അതിലധികമോ nouns/facts ൽ ഏറ്റവും കൂടുതൽ പരിഗണന ഏതിനാണെന്നു കാണിക്കേണ്ട അവസരങ്ങളിലാണ് superlative degree ഉപയോഗിക്കുന്നത്.

Eg: 1. Bindu is the most beautiful girl in the class.

2. He is the best student in the class.

ഇവിടെ ആദ്യത്തെ ഉദാഹരണത്തിൽ class ലെ ഏറ്റവും beautiful ആയ girl Bindu വാണെന്നു പറയുന്നു. രണ്ടാമത്തെ ഉദാഹരണത്തിൽ He ആണ് class ലെ best എന്നും പറഞ്ഞിരിക്കുന്നു.

Cue: Superlative sentences ൽ degree ക്കു മുമ്പായി definite article ആയ the ചേർത്തിട്ടുണ്ടാവും.

ഇനി ഒരു degree യിലുള്ള adjective/adverb നെ അർത്ഥവ്യത്യാസം വരാതെ മറ്റൊരു degree യിലേക്കു sentences ൽ മാറ്റുന്നതെങ്ങനെയാണെന്നുനോക്കാം.

*(തുടരും)*

## സുന്ദരമലയാളം

**വാക്പ്രയോഗങ്ങളിലെ ശരിയും തെറ്റും.**

കഴിഞ്ഞലക്കത്തിൽ **'ത'**എന്ന അക്ഷരത്തിൽത്തുടങ്ങുന്ന ചില വാക്കുകൾ പരിശോധിച്ചിരുന്നല്ലോ. അതിന്റെ തുടർ പ്രയോഗങ്ങളാണ് ഈ ലക്കത്തിലും.

| തെറ്റ് | ശരി |
|---|---|
| തുടക്കം തന്നെ | തുടക്കംതന്നെ |
| തുടക്കത്തിൽ തന്നെ | തുടക്കത്തിൽത്തന്നെ |
| തുടങ്ങി വയ്ക്കുക | തുടങ്ങിവയ്ക്കുക |
| തുടരെ തുടരെ | തുടരത്തുടരെ |
| തുടു തുടെ | തുടുതുടെ |
| തുടിച്ചു കുളിയ്ക്കുക | തുടിച്ചുകുളിക്കുക |
| തുന്നൽ പണി | തുന്നല്പണി |
| തുന്നി കാണിയ്ക്കുക | തുന്നിക്കാണിക്കുക |
| തുപ്പൽ കോളാമ്പി | തുപ്പൽക്കോളാമ്പി |
| തുപ്പി തെറിപ്പിയ്ക്കുക | തുപ്പിത്തെറുപ്പിക്കുക |
| തുമ്പിക്കളിപ്പാട്ട് | തുമ്പികളിപ്പാട്ട് |
| തുമ്പി തുള്ളൽ | തുമ്പിതുള്ളൽ |
| തുലാസ്സു പടി | തുലാസ്സുപടി |
| തുവര പരിപ്പ് | തുവരപ്പരിപ്പ് |
| തുളസി കതിർ | തുളസിക്കതിർ |
| തുളുമ്പെ | തുളുമ്പേ |
| തുള്ളൽ കഥ | തുള്ളൽക്കഥ |
| തുള്ളൽ പനി | തുള്ളൽപ്പനി |
| തുള്ളിക്കളിച്ചു നടക്കുക | തുള്ളിക്കളിച്ചുനടക്കുക |
| തുറുപ്പു ചീട്ട് | തുറുപ്പുചീട്ട് |
| തൂലിക തുമ്പ് | തൂലികത്തുമ്പ് |
| തൃക്കൺ പാർക്കുക | തൃക്കൺപാർക്കുക |
| തൃണവൽക്കരിക്കുക | തൃണവത്കരിക്കുക |
| തൃണവത്ഗണിക്കുക | തൃണവദ്ഗണിക്കുക |
| തൃപ്പടിദാനം | തൃപ്പടിദാനം |
| തൃപ്പൂണിത്തുറ കോവിലകം | തൃപ്പൂണിത്തുറക്കോവിലകം |
| തെക്കെ | തെക്കേ |
| തെക്കോട്ടേയ്ക്ക് | തെക്കോട്ടേക്ക് |
| തെണ്ടി തിന്നുക | തെണ്ടിത്തിന്നുക |
| തെണ്ടി തിരിയുക | തെണ്ടിത്തിരിയുക |
| തേങ്ങാ കണ്ണ് | തേങ്ങാക്കണ്ണ് |
| തേങ്ങച്ചമ്മന്തി | തേങ്ങാച്ചമ്മന്തി |
| തേങ്ങാ പാൽ | തേങ്ങാപ്പാൽ |
| തേങ്ങാ പൂള് | തേങ്ങാപ്പൂള് |
| തേങ്ങി തേങ്ങി കരയുക | തേങ്ങിത്തേങ്ങിക്കരയുക |
| തേച്ചു കഴുകുക | തേച്ചുകഴുകുക |
| തേച്ചു കുളി | തേച്ചുകുളി |
| തേൻ കുഴമ്പ് | തേൻകുഴമ്പ് |
| തേയില സൽക്കാരം | തേയിലസ്സത്കാരം |
| തൈ കിഴവി | തൈക്കിഴവി |
| തയ്യൽക്കാരൻ | തൈയൽക്കാരൻ |
| തൈരുകലം | തൈർക്കലം |
| തൊട്ടാൽ പൊട്ടുന്ന | തൊട്ടാൽപ്പൊട്ടുന്ന |
| തൊട്ടു കൂട്ടുക | തൊട്ടുകൂട്ടുക |
| തൊട്ടു തിന്നുക | തൊട്ടുതിന്നുക |
| തൊട്ടു തൊട്ടിരിയ്ക്കുക | തൊട്ടുതൊട്ടിരിക്കുക |
| തൊലിപ്പുറമെ | തൊലിപ്പുറമേ |
| തൊഴുത്തിൽ കുത്ത് | തൊഴുത്തിൽക്കുത്ത് |
| തോട്ട പണിക്കാരൻ | തൊട്ടപ്പണിക്കാരൻ |
| തോട്ടി പണി | തോട്ടിപ്പണി |
| തോൽപ്പാവ കൂത്ത് | തോൽപ്പാവക്കൂത്ത് |
| ത്രിമൂർത്തി | ത്രിമൂർത്തികൾ |
| ത്രിവർണ്ണ പതാക | ത്രിവർണ്ണപതാക |
| ത്രിവേണി സംഗമം | ത്രിവേണീസംഗമം |
| ത്വക്കിന്ദ്രിയം | ത്വഗിന്ദ്രിയം |
| ത്വക് രോഗം | ത്വഗ്രോഗം |
| ത്വഗ്രോഗ വിദഗ്ധൻ | ത്വഗ്രോഗവിദഗ്ദ്ധൻ |

*(തുടരും)*



## മത്സരപരീക്ഷ ഇടനാഴി

# കൊറോണക്കാലം അവധിക്കാലമല്ല

ബി സുരേഷ്



കേരളത്തിൽ കോവിഡ് മഹാമാരിയുടെ അതിതീവ്രമായ രണ്ടാംഘട്ട വ്യാപനം നിലനിൽക്കുന്ന കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ജനിതക മാറ്റം സംഭവിച്ച് കൂടുതൽ ശക്തിയാർജിച്ച കൊറോണ വൈറസുകൾ രോഗബാധിതരുടെ എണ്ണവും മരണസംഖ്യയും ഇപ്പോൾ വർധിപ്പിച്ചിരിക്കുകയാണ്. ഒന്നാംഘട്ട വ്യാപനത്തിനു ശേഷം നാം കുറച്ച് ആശ്വസിച്ചിരുന്ന ഘട്ടത്തിലാണ് വീണ്ടും മനുഷ്യജീവിതത്തിന്റെ താളം തെറ്റിച്ചുകൊണ്ട് ഇപ്പോഴുള്ള ഈ അവസ്ഥ കടന്നുവന്നത്. ഇതിന് പിന്നാലെ മൂന്നാംഘട്ടവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഈ പംക്തിയിൽ പതിവിനു വിപരീതമായി വിജ്ഞാനം പകരുന്നതിന് ഇത്തവണ ലോക്ക്ഡൗൺ ഇടുകയാണ്. പകരം ഈ കോവിഡ് കാലയളവ് എങ്ങനെ മത്സരപ്പരീക്ഷകൾക്കും ഇന്റർവ്യൂകൾക്കുള്ള തയ്യാറെടുപ്പുകൾക്ക് പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ ചർച്ചചെയ്യാൻ ഉപയോഗിക്കുകയാണ്.

കോവിഡ് മഹാമാരിയുടെ രണ്ടാം വ്യാപനത്തിന്റെ തോത് കുറയ്ക്കാൻ നാം അനാവശ്യയാത്രകൾ ഒഴിവാക്കിക്കൊണ്ട് വീടുകളിൽ തന്നെ ഇരിക്കേണ്ട സാഹചര്യമാണ്. മുഖാവരണം ധരിക്കുകയും കൈകൾ സോപ്പുപയോഗിച്ച് കഴുകുകയും വീടും പരിസരവും അണുവിമുക്തമാക്കുകയും പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിനുള്ള ആഹാരസാധനങ്ങൾ കഴിക്കുകയും വഴി നാം നമ്മുടെ ശരീരത്തെ ശക്തമാക്കി രോഗത്തെ ചെറുക്കുന്നതിനോടൊപ്പം ഈ കോവിഡ് കാലയളവ് വായനയ്ക്കും പഠനത്തിനും ഉപയോഗപ്പെടുത്തിക്കൊണ്ട് മനസ്സിനെയും ശക്തിപ്പെടുത്താൻ ശ്രമിക്കണം. ഇപ്പോൾ പകലും രാത്രിയുമൊക്കെ നമുക്ക് സ്വന്തമായതിനാൽ ഒരു ടൈംടേബിൾ വച്ച് നമുക്ക് ഈ സമയത്തെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ കഴിയും. ഇപ്പോഴുള്ള കൊറോണ ഭീതി ഒഴിയുമ്പോൾ നാം പരീക്ഷകളെയും ഇന്റർവ്യൂകളെയും മറ്റും നേരിടേണ്ടിവരുമെന്നത് മറക്കരുത്. അപ്പോഴേക്കും നമുക്ക് തയ്യാറെടുക്കാൻ മതിയായ സാവകാശവും ലഭിക്കുകയില്ല.

ഇന്ന് പഠനത്തെയും ശാസ്ത്രീയമായ പരീക്ഷാതയ്യാറെടുപ്പുകളെയും വളരെ ഗൗരവമായി കാണുന്ന പഠിതാക്കളുടെ എണ്ണം വളരെ കൂടുതലാണ്. വളരെയേറെ വികാസം പ്രാപിച്ച ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളും സാമൂഹ്യ മാധ്യമ ഉപാധികളും ഇതിന് ആക്കം കൂട്ടുന്നു. ഇക്കാരണത്താൽ ഇന്ന് വിദ്യാർത്ഥികളുടെ മത്സരത്തിന്റെ കാഠിന്യം വളരെ കൂടുതലാണ്. ചിട്ടയായ രീതിയിലൂടെ ആവശ്യമായ കാര്യങ്ങൾ മാത്രം പഠിച്ചു മുന്നേറുന്നവർക്ക് വിജയം ഉണ്ടാകുന്നത് ഇതുകൊണ്ടാണ്. ഇന്ന് പ്രധാനമായും പഠനം നടക്കുന്നത് ഓൺലൈൻ ക്ലാസ്സുകൾ മുഖേനയാണല്ലോ. നമ്മുടെ സൗകര്യത്തിന് ഇഷ്ടമുള്ള സമയത്ത് ഇഷ്ടമുള്ള സ്ഥലത്തിരുന്ന് നമുക്ക് ക്ലാസ്സുകൾ കേട്ട് പഠിക്കാം. മനസ്സിലാകാത്തത് വീണ്ടും കേൾക്കുന്നതിനുള്ള അവസരമുണ്ട്. നമുക്ക് അറിയാത്ത വിഷയങ്ങളെ സംബന്ധിച്ച് വീഡിയോ ക്ലാസുകൾ ഇന്റർനെറ്റിൽ തിരഞ്ഞ് പഠിക്കാം. പഠിക്കാനാവശ്യമുള്ള പുസ്തകങ്ങൾ നമുക്ക് പകർപ്പെടുക്കാനും ഡിജിറ്റലായി തന്നെ വായിക്കുന്നതിനുമുള്ള സൗകര്യമുണ്ട്. ഇപ്പോഴത്തെ ഗൃഹവാസകാലത്ത് നാം ഇതേപ്പറ്റിയൊക്കെ മനസ്സിലാക്കി ഇവ പരമാവധി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കണം.

ഓരോ വ്യക്തിയ്ക്കും പഠനത്തിന് വെവ്വേറെ ശൈലികളായിരിക്കും. അവരവർക്ക് ഉചിതമായ രീതിയിൽ പഠനക്രമം മുന്നോട്ടു കൊണ്ടുപോകാം. എന്നാൽ ആവശ്യമില്ലാത്തവ മനസ്സിലാക്കാനും എളുപ്പം പഠിക്കാനുള്ള മാർഗം അവലംബിക്കാതെയും സമയം പാഴാക്കിക്കളയുന്നത് നല്ലതല്ല. ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകൾക്ക് പരന്ന വായനയും വായിച്ചവ ഓർമിച്ചുവയ്ക്കാനുള്ള കഴിവും വേണം. മറന്നുപോകാൻ സാധ്യതയുള്ളവ എഴുതി പഠിക്കാനും ചുരുക്ക നോട്ട് പിന്നീട് നോക്കാൻ വേണ്ടി തയ്യാറാക്കുകയും ചെയ്യാം. വിവരണാത്മക പരീക്ഷകൾക്ക് സിലബസ് കൃത്യമായി മനസ്സിലാക്കി ആഴത്തിലുള്ള പഠനമാണ് വേണ്ടത്. മോഡൽ ചോദ്യപേപ്പറുകൾക്ക് ഉത്തരമെഴുതി അവ വിശകലനം ചെയ്ത് പോരായ്മ പരിഹരിച്ച് പഠനം നടത്താവുന്നതാണ്. ഇന്റർവ്യൂ വിജയിക്കുന്നതിനായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കാനും ഇന്റർവ്യൂ വിജയിച്ചവരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കാനും തയ്യാറാവേണ്ടതുണ്ട്. ഓൺലൈൻ പഠന കൂട്ടായ്മയിൽ ലഭ്യമാകുന്ന മോഡൽ ചോദ്യപേപ്പറുകൾക്ക് ഉത്തരം കണ്ടെത്തി പരിശീലിക്കാനും സംശയങ്ങൾ ഈ കൂട്ടായ്മയിലൂടെ പരിഹരിക്കാനും ഇന്നത്തെ പഠിതാക്കൾ ശ്രമിക്കാറുണ്ട്. ഇന്റർനെറ്റ് എന്ന സങ്കേതമുപയോഗിച്ചു പഠിതാക്കൾക്ക് ഇന്ന് അതിരുകൾക്കപ്പുറത്തുമുള്ളവരുമായി സംവദിക്കാൻ കഴിയും.

നാം ഇത് ചർച്ച ചെയ്യുമ്പോഴും വിവിധ ഭാഗങ്ങളിൽ പഠനം നടത്തുന്നവർ തങ്ങളുടെ ലക്ഷ്യം അഥവാ സ്വപ്നം നിറവേറ്റുന്നതിനായി സമയം പാഴാക്കാതെ കഠിനാധ്വാനം ചെയ്യുന്നുണ്ടാകും. ഇത് നമുക്ക് ഭാവിയിൽ നേരിടേണ്ടിവരുന്ന പരീക്ഷകളുടെയും മറ്റ് വിജയസാധ്യത കുറയ്ക്കും. ഇതു മറികടക്കാൻ നാമും കഠിനമായതും ചിട്ടയുള്ളതുമായ പഠനപ്രവർത്തനം നടത്തേണ്ടതുണ്ട്. ഇപ്പോൾ നാം ആവശ്യമില്ലാതെ പുറത്ത് കറങ്ങാത്തതിനാൽ



സ്ത്രീ എന്നോ പുരുഷൻ എന്നോ ഭേദമില്ലാതെ എല്ലാവർക്കും ധാരാളം സമയം ലഭിക്കുന്നുണ്ട്. നമ്മുടെ ലക്ഷ്യം ഒരു അക്കാദമിക് യോഗ്യത അല്ല. മുന്നോട്ടുപോകുന്നതിന് ഒരു തൊഴിൽ ആണെങ്കിൽ നാം ഈ സമയം അതിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് ആത്മവിശകലനം ചെയ്യേണ്ടതുണ്ട്. ഈ കൊറോണക്കാലം താൽക്കാലികമായി നമ്മുടെ ദൈനംദിന പ്രവർത്തനങ്ങളെയും അതുവഴി ജീവിതത്തെയും തന്നെ ഗതിമാറ്റം ചെയ്തുവെങ്കിലും നമുക്ക് ഇതിനെ അതിജീവിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. അതിനായി നാം തളരാതെ ഇന്നത്തെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തന്നെ നമ്മുടെ പ്രവർത്തനങ്ങളെ തുടർന്നും കൊണ്ട് പോകേണ്ടതുണ്ട്. ഇന്നത്തെ കോവിഡ് കാല സ്തംഭനം താൽക്കാലികമാണ്. അതിനു ശേഷമുള്ള ഭാവിയെകുറിച്ച് നാം ആലോചിക്കണം. താൽക്കാലികമായെങ്കിലും നമ്മുടെ ജീവിതത്തെയും കർമ്മ പുരോഗതിയെയും അത് വഴി രാജ്യപുരോഗതിയെയും തകർത്ത കോവിഡ് മഹാമാരിയെയും അതിനു കാരണമായ കൊറോണ വൈറസിന്റെ വ്യാപനത്തെയും നമ്മുടെ പഠനപ്രവർത്തനങ്ങൾകൊണ്ട് മാനസിക ശക്തിസംഭരിച്ച് നേരിടാം. ●

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

PSC BULLETIN
Fortnightly

Rupees 10
June 1, 2021

# സമകാലികം

**പ്രദീഷ്കുമാർ വി എസ്**



- അമർത്യ സെന്നിന് സ്പെയിനിലെ ഉയർന്ന ബഹുമതിയായ പ്രിൻസസ് ഓഫ് ഓസ്ട്രിയാസ് അവാർഡ് ലഭിച്ചു.
- സ്വാതന്ത്ര്യസമര സേനാനി ആയിരുന്ന ടി സി ആർ സഹദേവൻ അന്തരിച്ചു.
- കേന്ദ്ര വാണിജ്യ വകുപ്പ് സെക്രട്ടറിയായി ബി വി ആർ സുബ്രഹ്മണ്യം നിയമിതനാകും.
- ലോകത്ത് കോവിഡ് വാക്സിൻ സ്വീകരിച്ച ആദ്യ പുരുഷനായ വില്യം ഷേക്സ്പിയർ അന്തരിച്ചു.
- ജെനി ജെറോം കേരളത്തിലെ ആദ്യ വനിതാ കോമേഴ്സ്യൽ പൈലറ്റായി.



- കോളി നെറ്റ് മക്കോ സ്ലോ റിപ്പബ്ലിക് ഓഫ് കോംഗോയുടെ പ്രധാന മന്ത്രിയായി നിയമിതനായി.
- തെരുവ് വിളക്കുകൾ എൽഇഡി ആക്കി മാറ്റുന്നതിന് കേരള വൈദ്യുതി ബോർഡ് ആരംഭിച്ച പദ്ധതിയാണ് നിലാവ്.
- ഓക്സ്ഫോർഡ് സ്റ്റുഡൻസ് യൂണിയൻ പ്രസിഡണ്ടായി ഇന്ത്യൻ വംശജയായ അൻവി ഭൂട്ടാനി തിരഞ്ഞെടുക്കപ്പെട്ടു.
- സുബോധ് കുമാർ ജയ്സ്വാൾ പുതിയ സിബിഐ ഡയറക്ടർ ജനറൽ ആയി നിയമിതനായി.
- മൊഹാലി ഇന്റർനാഷണൽ ഹോക്കി സ്റ്റേഡിയത്തിന്റെ പേര് ബൽബീർ സിംഗ് സീനിയർ സ്റ്റേഡിയം എന്നാക്കി മാറ്റി.
- പുതിയ കേരളനിയമസഭയുടെ പ്രതിപക്ഷ



നേതാവായി വിഡി സതീശൻ തിരഞ്ഞെടുക്കപ്പെട്ടു.
- മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ ചീഫ് സെക്രട്ടറിയായി ഡോ. കെ എം എബ്രഹാം നിയമിതനായി.
- ഇന്ത്യൻ അറ്റോമിക് എനർജി കമ്മീഷൻ മുൻ ചെയർമാൻ ആയിരുന്ന ഡോ. ശ്രീകുമാർ ബാനർജി അന്തരിച്ചു.
- 2021ലെ ടെമ്പിൾ ടൺ പുരസ്കാരത്തിന് Jane Goodall അർഹനായി.
- 2021 ലെ മിസ് യൂണിവേഴ്സ് കിരീടം മെക്



സിക്കോയിലെ ആൻഡ്രിയ മെസ സ്വന്തമാക്കി.
- ഹൈക്കോടതികളിലെയും ജില്ലാ കോടതികളിലെയും കേസുകളുടെ വിവരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇ-കോർട്ട്സ് സർവീസസ് എന്ന ആപ്പ് ആരംഭിച്ചു.
- ദ്രോണാചാര്യ അവാർഡ് ജേതാവും മുൻ ഇന്ത്യൻ ബോക്സിംഗ് പരിശീലകനും ആയിരുന്ന ഒ പി ഭരദ്വാജ് അന്തരിച്ചു.
- അന്താരാഷ്ട്ര ഹോക്കി ഫെഡറേഷൻ പ്രസിഡന്റായി നരീന്ദർ ബത്ര നിയമിതനായി.
- 2020ലെ പത്മരാജൻ പുരസ്കാരത്തിന് ജിയോ ബേബി, ജയരാജ് എന്നിവർ അർഹരായി.



- ഡി ആർ ഡി ഒ വികസിപ്പിച്ച കോവിഡ് 19 ആന്റിബോഡി ഡിറ്റക്ഷൻ കിറ്റാണ് DIPCOVAN.
- പി ടി എ റഹീം കേരള നിയമസഭയുടെ പ്രോട്ടേം സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു.
- സംസ്ഥാന പ്ലാനിങ് ബോർഡ് ഉപാധ്യക്ഷനായി വി കെ രാമചന്ദ്രൻ നിയമിതനായി.
- കെനിയയുടെ ആദ്യ വനിതാ ചീഫ് ജസ്റ്റിസ് ആയി മാർത്താ കുമെ നിയമിതയായി.
- ചിപ്കോ പ്രസ്ഥാനത്തിന്റെ നേതാവും പരിസ്ഥിതി പ്രവർത്തകനുമായ സുന്ദർലാൽ ബഹുഗുണ അന്തരിച്ചു.
- ബംഗാൾ ഉൾക്കടലിൽ അടുത്തിടെ രൂപം കൊണ്ട ചുഴലിക്കാറ്റാണ് യാസ്. ടി പേര് നൽകിയത് ഒമാൻ ആണ്.
- മുൻ രാജസ്ഥാൻ മുഖ്യമന്ത്രി ആയിരുന്ന ജഗനാഥ് ഫാഡിയ അന്തരിച്ചു.
- കേരള നിയമസഭയുടെ പുതിയ സ്പീക്ക



റായി എം ബി രാജേഷിനെയും ഡെപ്യൂട്ടി സ്പീക്കറായി ചിറ്റയം ഗോപകുമാറിനെയും തിരഞ്ഞെടുത്തു.
- മാലി പ്രധാനമന്ത്രിയായി Moctar Quane നിയമിതനായി.
- ഇറ്റാലിയൻ ഓപ്പൺ ടെന്നീസ് കിരീടം റാഫേൽ നദാൽ സ്വന്തമാക്കി.
- പ്രശസ്ത തമിഴ് എഴുത്തുകാരനായിരുന്ന കെ രാജനാരായണൻ അന്തരിച്ചു.
- കേരളത്തിലെ ഡിജിറ്റൽ വിദ്യാഭ്യാസ പദ്ധതിയായ കൈറ്റ് എംബില്ലൻത്ത് സൗത്ത് ഏഷ്യ അവാർഡ് നേടി.
- വൈറ്റ് ഹൗസിന്റെ സീനിയർ അഡ്വൈസർ ആയി ഇന്ത്യൻ വംശജയായ നീര ടണ്ഡൻ നിയമിതയായി.
- കേരളത്തിന്റെ അഡ്വക്കേറ്റ് ജനറൽ ആയി



കെ ഗോപാലകൃഷ്ണക്കുറുപ്പിനെ നിയമിക്കും.
- ടൈംസ് ഗ്രൂപ്പ് ചെയർപേഴ്സൺ ഇന്ദു ജെയിൻ അന്തരിച്ചു. •




Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.